

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പന്മന ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.എൽ.എം.പി.2/1632/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 18/09/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്മന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പന്മന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്മന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 18/09/2025

കെ.എസ്.എ.കെ.എൽ.എം.പി.2/1632/2025

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-11-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സജികുമാർ. ജി	ഡെപ്യൂട്ടി ഡയറക്ടർ	10-07-2025	19-07-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-07-2025	19-07-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ലാലു.ആർ .ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീജ എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.,അരുൺജിത്ത് ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അഖിൽ ആർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ഷമി.എം	പ്രസിഡന്റ്	01-04-2024	28-01-2025
ശ്രീ.പന്മന ബാലകൃഷ്ണൻ	പ്രസിഡന്റ്	29-01-2025	13-02-2025
ശ്രീമതി.ശ്രീകല.പി	പ്രസിഡന്റ്	14-02-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സി.പി വിൻസെന്റ്	സെക്രട്ടറി	01-04-2024	31-05-2024
ശ്രീ.ചെറിയാൻജോർജ്	സെക്രട്ടറി	12-09-2024	31-03-2025
ശ്രീമതി.റോഷി സിസിലിയ	അസി.സെക്രട്ടറി	01-04-2024	31-03-2025
ശ്രീ.ബിനോയ്. കെ.വി	കൃഷിഓഫീസർ	01-04-2024	16-12-2024
ശ്രീമതി.ആര്യകൃഷ്ണൻ.കെ.ജി	കൃഷിഓഫീസർ	17-12-2024	31-03-2025
ശ്രീ.ജയരാജ്.വി.കെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	02-11-2024
ശ്രീമതി.ഹണി എ	അസിസ്റ്റന്റ് എഞ്ചിനീയർ	03-11-2024	31-03-2025
ശ്രീ.ജോൺ ലാലി	വെറ്ററിനറി സർജൻ	01-04-2024	26-09-2024

ശ്രീമതി.ആര്യലക്ഷ്മി വി പി	വെറ്ററിനറി സർജൻ	27-09-2024	31-03-2025
ശ്രീമതി.ഡോ.സോണിയ.വി.എസ്	മെഡിക്കൽ ആഫീസർ, ആയൂർവേദം	01-04-2024	21-06-2024
ശ്രീമതി.ഡോ.സിന്ധു രാമചന്ദ്രൻ	സീനിയർ മെഡിക്കൽ ആഫീസർ, ആയൂർവേദം	22-06-2024	01-08-2024
ശ്രീമതി.ഡോ ബിന്ദു കെ ആർ	മെഡിക്കൽ ആഫീസർ, ആയൂർവേദം	02-08-2024	31-03-2025
ശ്രീമതി.ഡോ.ബിന്ദു.പി	മെഡിക്കൽ ആഫീസർ, ഹോമിയോ	01-04-2024	31-03-2025
ശ്രീമതി.ഡോ.തനൂജ. എസ്	മെഡിക്കൽ ആഫീസർ	01-04-2024	12-05-2024
ശ്രീ.ഡോ.ശശി. എം.ഡി	മെഡിക്കൽ ആഫീസർ	13-05-2024	02-06-2024
ശ്രീമതി.ഡോ.തനൂജ. എസ്	മെഡിക്കൽ ആഫീസർ	03-06-2024	05-11-2024
ശ്രീ.ഡോ.ശശി. എം.ഡി	മെഡിക്കൽ ആഫീസർ	06-11-2024	31-03-2025
ശ്രീമതി.അമ്പിളികുമാരി	ഹെഡ്മിസ്ട്രസ്	01-04-2024	31-03-2025
ശ്രീമതി.സ്വപ്നകുമാരി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	05-08-2024
ശ്രീമതി.ധന്യ വി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	12-08-2024	31-03-2025
ശ്രീമതി.ധന്യ.യു	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2024	31-03-2025
ശ്രീ.വിശാൽരാജ്	വി ഇ ഒ	01-04-2024	07-01-2025
ശ്രീ.മുഹമ്മദ് ഖൈസ്	വി ഇ ഒ	28-01-2025	31-03-2025

ശ്രീമതി.ശാരിക .ഒ.എസ്	വി ഇ ഒ	01-04-2024	31-03-2025
ശ്രീ.പത്മകുമാർ	വി ഇ ഒ	01-04-2024	31-03-2025
ശ്രീമതി.ഫൌസിയ.എം	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി. റോഷി സിസിലിയ	സെക്രട്ടറി ഇൻചാർജ്	01-06-2024	11-09-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
2	ഓഡിറ്റ് സാക്ഷ്യപത്രം	1-1
3	വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം-	1-1-2
4	ധനകാര്യകമ്മീഷൻ ഗ്രാന്റ്–നീക്കിയിരിപ്പ് പൊരൂത്തപ്പെടുന്നില്ല	1-1-3
5	Secured Loan വിനിയോഗബാക്കി നെഗറ്റീവ് ബാലൻസ് കാണിക്കുന്നു	1-1-4
6	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-5
7	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല	1-1-6
8	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.	1-1-7
9	ചെലവ് സുലേഖയിൽ ഉൾപ്പെട്ടില്ല	1-1-8
10	വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.	1-1-9
11	ധനകാര്യകമ്മീഷൻ ഗ്രാന്റ് -പലിശ 320200113 Development Fund - Central Finance Commission Grant – Tied Fund ഹെഡിൽ വരവ് വച്ചിരിക്കുന്നു	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തികവിശകലനം	1-3
14	ഗ്രാന്റ് വിനിയോഗം	1-4

15	പദ്ധതി അവലോകനം	1-5
16	തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമ പദ്ധതികൾ	1-7
18	ക്യാഷ് പരിശോധന	1-8
19	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	വസ്തു നികുതി ഈടാക്കിയതിൽ അപാകതകൾ	1-11
22	തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ	1-12
23	അനധികൃതമായി നിർമിച്ച കെട്ടിടങ്ങൾ- തുടർ നടപടി സ്വീകരിച്ചില്ല.	1-13
24	ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ	1-14
25	ദേശീയ പാത 66 വികസനത്തിനായി പൊളിച്ച കുറ്റിവട്ടം ഷോപ്പിംഗ് കോപ്ലക്സ്- നഷ്ടപരിഹാര തുക നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിൽ വന്നില്ല.	1-15
26	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നില്ല.	1-16
27	ഫെസ്റ്റിവൽ അഡ്വാൻസ് നാളിതുവരെ ക്രമീകരിച്ചില്ല	1-17
28	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല	1-18
29	ഷീ ഹെൽത്ത് എന്ന പ്രോജക്ടി-ആയുർവേദമരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.	1-19
30	പ്രൈമറി പാലിയേറ്റീവ് കെയർ പ്രോഗ്രാം-കെഎംഎസ് സി എൽ - ൽ നിന്നും മരുന്ന് ലഭ്യമായില്ല	1-20
31	നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു	1-21

32	കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ ഭിന്നശേഷി കുട്ടികളുടെ മെയിന്റനൻസിനുള്ള ധനസഹായം-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല	1-22
33	ജി.എസ്.ടി-ടിഡിഎസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു	1-23
34	ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല.	1-24
35	ജനറൽ കമ്മിറ്റി മിനിട്സ് സമയബന്ധിതമായി അംഗീകാരത്തിന് സമർപ്പിക്കുന്നില്ല.	1-25
36	റോഡ് റസ്റ്റോറേഷൻ ചാർജ്-ലഭിക്കാനുള്ളത് 2.50 കോടി രൂപ	1-26
37	വടക്കുതല ബാബുജി റോഡ് - ശിവാനന്ദപുരം പുനരുദ്ധാരണം സെക്കന്റ് റീച്ച് - പ്രവൃത്തി ആരംഭിച്ചില്ല	1-27
38	തുമ്പൂർമുഴി മാലിന്യസംസ്കരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.	1-28
39	ഇടപ്പള്ളിക്കോട്ട ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- ആരംഭിച്ച് ആറ് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചില്ല.	1-29
40	ഇ-ടെണ്ടർ ഫീസ് - തിരികെ ലഭിക്കാനുള്ളത് 17.42 ലക്ഷം രൂപ	1-30
41	തെരുവുനായ പേവിഷ പ്രതിരോധ കുത്തിവയ്പ്-ജില്ലാ പഞ്ചായത്ത് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല	1-31
42	പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം-സിസിടിവി സ്ഥാപിക്കൽ - പ്രോജക്ട് പൂർത്തിയായില്ല	1-32
43	ആറാം വാർഡിലെ കിഴക്കേക്കണ്ണങ്കോട്ട് കുളം (ചിറ്റാഴത്ത് കുളം) നവീകരണം-നിക്ഷേപ പ്രവൃത്തി പൂർത്തിയായില്ല	1-33
44	പട്ടികജാതി വിഭാഗത്തിൽപ്പെട്ട പുരുഷന്മാർക്ക് ബാന്റ് സെറ്റ് - പ്രോജക്ട് ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.	1-34
45	ഭവന പുനരുദ്ധാരണം പ്രോജക്ടുകളുടെ ഫയൽ സൂക്ഷിപ്പിലെ അപാകതകൾ- ആനുകൂല്യം അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല.	1-35

46	ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ് - രേഖകൾ സൂക്ഷിച്ചിട്ടില്ല	1-36
47	മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- നടപടിക്രമങ്ങളിൽ സുതാര്യതയില്ല	1-37
48	പള്ളിക്കലാർ -വട്ടക്കായൽ നവീകരണം പ്രോജക്ട് നാളിതുവരെ നടപ്പിലായിട്ടില്ല	1-38
49	ജൽജീവൻ മിഷൻ അവലോകനം	1-39
50	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-40

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	മെഡിസെപ്പ് ഒടുക്ക് സംബന്ധിച്ച്	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ/ വായ്പാ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവര	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11

12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെട്ടിട്ടില്ല.

1-1 ഓഡിറ്റ് സാക്ഷ്യപത്രം

പന്മന ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11.06.2025 തീയതിയിലെ 2(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 18.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്.

വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പന്മന ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം-കൊല്ലം
തീയതി 18.09.2025

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-2 വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം-

ACR പ്രകാരമുള്ള ചെലവും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു .
വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ACR പ്രകാരമുള്ള ചെലവ്	AFS പ്രകാരമുള്ള ചെലവ്
CFC	15911903	15452214
Non-Road	8333627	8123303
MF-ROAD	30207901	29087901

ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.

1-1-3 ധനകാര്യകമ്മീഷൻ ഗ്രാന്റ്–നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി ബേസിക് ഗ്രാന്റ്, റ്റൈഡ് എന്നീ ഫണ്ടുകളുടെ ബി4 നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റ് B4 SCHEDULE പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ്–നീക്കിയിരിപ്പ് 25295443/- രൂപയാണ്. B17-ൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 25404943/- രൂപയാണ്.

1-1-4 Secured Loan വിനിയോഗബാക്കി നെഗറ്റീവ് ബാലൻസ് കാണിക്കുന്നു

B5-ൽ Secured Loan From KURDFC 45350428/- രൂപയും Prepaid Programme Expense ആയി 45669301/- രൂപയും കാണിച്ചിരിക്കുന്നു. വ്യത്യാസം(-)318873 രൂപ.

1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. വസ്തു നികുതി അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല

1-1-6 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

1. ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. സ്റ്റോക്കിന്റെ മൂല്യം വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

പ്രോജക്റ്റ് നം. 127/25 പ്രകാരം സി.സി.ടിവി സ്ഥാപിക്കുന്നതിനായി കെൽട്രോണിനു 280000/- (ചെക്ക് നം221/26.3.25) രൂപ മുൻകുറായി നൽകിയെങ്കിലും B18 ഷെഡ്യൂളിൽ Advance To Implementing Agency ഹെഡിൽ ഉൾപ്പെട്ടിട്ടില്ല.

1-1-8 ചെലവ് സുലേഖയിൽ ഉൾപ്പെട്ടില്ല.

1.പ്രോജക്ട് നം 205/25 കിഴക്കേ കണ്ണങ്കോട്ട് ചിറ്റാഴത്ത് കുളം നവീകരണം -നഗരസഞ്ചയഫണ്ട് 1360000/- രൂപ 4.1.25 ൽ വിനിയോഗിച്ചെങ്കിലും ചെലവ് സുലേഖയിൽ ഉൾപ്പെട്ടില്ല.
2.PMAYപഞ്ചായത്ത് വിഹിതം നൽകൽ 350000/- രൂപ തനത് ഫണ്ട് ചെലവ് ചെയ്തിരുന്നു. ആയത് സുലേഖയിൽ ഉൾപ്പെട്ടില്ല.

1-1-9 വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രയർ പിരിയഡ് ഐറ്റംസ് ആയി ജേണൽ ചെയ്തിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-1-10 ധനകാര്യകമ്മീഷൻ ഗ്രാന്റ് -പലിശ 320200113 Development Fund - Central Finance Commission Grant – Tied Fund ഹെഡിൽ വരവ് വച്ചിരിക്കുന്നു

ധനകാര്യകമ്മീഷൻ ഗ്രാന്റ് – 26.6.24 ലെ ബാങ്ക് പലിശ 93919/- രൂപ അൺറ്റൈഡ് ബേസിക്കിൽ വരവ് വക്കാതെ ഹെഡ് കോഡ് 320200113 Development Fund - Central Finance Commission Grant – Tied Fundൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-2 ബജറ്റ്

13/02/2024 ലെ 1(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 7.03.2025 ലെ 4(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

1-3 സാമ്പത്തികവിശകലനം

മുന്നിരിപ്പ്	₹44577413/-
വരവ്	₹127066834/-
ആകെ	₹171644247/-
ചെലവ്	₹111450886/-
നീക്കിയിരിപ്പ്	₹60193361/-
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിക്കുന്ന തുക	0
തടസ്സപ്പെടുത്തിയ തുക	8501212/- രൂപ

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് – ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ് (രൂപ)	ആകെ (രൂപ)	ചെലവ് (രൂപ)	നീക്കിയിരിപ്പ്/ (ലാപ്സായ	കുറിപ്പ്

					തുക) (രൂപ)	
വികസനഫണ്ട്(ജനറൽ)	0	3,9428000/-	3,9428000/-	3,7784303/-	1643697/-	-
വികസനഫണ്ട്(എസ്.സി.പി)	0	1,30,92,000/-	1,30,92,000/-	1,0767914/-	2324086/-	-
മെയിന്റനൻസ്ഫണ്ട് (റോഡ്)	0	30925000/-	30925000/-	29087901-	1,837099/-	-
മെയിന്റനൻസ്ഫണ്ട് (നോൺറോഡ്)	0	11909000/-	11909000/-	8123303/-	3785697/-	-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (UnTied)ട്രെഷറി	0	471825	471825	471825	0	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ട്രെഷറി	0	8505736	8505736	6041757	2463979	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക്	1,03,95,117	13943919	24339036	4158600	20180436	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക്	27,09,490/-	7185549	9895039	4780032	**5115007/-**	
കേന്ദ്രാവിഷ്കൃത ഗ്രാന്റ്						
ശുചിത്വമിഷൻ	1,42,265/-	-	1,42,265/		1,42,265/	
ICDS - സെൻട്രൽ ഷെയർ	2925022/-	**6351502**	**9226524**	4396707	**4879817**	
സർവ ശിക്ഷ അഭിയാൻ	62,000/-	0	62,000/-	0	62,000/-	
ഹരിതകേരളം	25,000/-	0	25,000/-	0	25,000/-	
സ്വച്ച് ഭാരത് അഭിയാൻ	0	540000	540000	540000	0	
ഹെൽത്ത് ഗ്രാന്റ് സബ്സെന്ററർ റ്റു ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററർ.	318956	898122	**1217078**	**299757**	**917321**	
ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ-പി.എച്ച്. സി	249994/-	746193/-	996187/-	348995/-	647192/-	

സംസ്ഥാനാവിഷ്കൃത ഗ്രാന്റ്						
ബേബി ഫ്രണ്ട്ട് ലി ടോയ്ലെറ്റ്	60,000/-	0	60,000/-	0	60,000/-	
ഖരമാലിന്യസംസ്കരണം	2,06,175/-	0	2,06,175 /-	0	2,06,175 /-	
ജലനിധി	3747650	76544	3824194	0	3824194	
കാവ് പുനരുദ്ധാരണം	3,60,000/-	0	3,60,000/-	0	3,60,000/-	
ശുചിത്വ മിഷൻ	142265	0	142265	0	142265	
നഗരസഞ്ചയഫണ്ട്-കൊല്ലം കോർപ്പറേഷൻ	2360000/-	0	2360000	2360000	0	
ബിആർസി സ്നേഹസ്പർശം	200000/-	0	200000/-	0	200000/-	
ലൈഫ് ഭവനപദ്ധതി(സംസ്ഥാന വിഹിതം)	6,200,000/-	5200000/-	11400000	**9180000**/-	2220000	

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
271	497834991/-	188	16,36,50,961/-	0	83	69%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ MNREGA A/C	1,825/-	1929589/-	1931414	1691856/-	239558
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	7,2102389	7,2102389/-	7,2102389/	-
ആകെ	1,825/-	74031978	74033803	73794245	239558

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹
കർഷകതൊഴിലാളി പെൻഷൻ	4309600
വിധവാപെൻഷൻ	26932500
വാർദ്ധക്യകാലപെൻഷൻ	51343500
വികലാംഗപെൻഷൻ	10451700
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	644800
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	150000

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.07.2025, 2.30 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3275/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ഐ.എൽ.ജി.എം.എസ് രസീത് നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. കൈകൊണ്ടെഴുതിയ രസീതുകൾ മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത്

പരിധിയിൽ ധാരാളം അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രസ്തുത സ്കൂളുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ വ്യക്തികളിൽ നിന്നും നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിവിധ പ്രവർത്തികൾക്കായി നിർവഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ ക്രമീകരിക്കേണ്ടതാണ്. ജനറൽ കമ്മിറ്റി മിനിട്ട്സ് സമയബന്ധിതമായി ചട്ടപ്രകാരം അംഗീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായ സ്ഥല സന്ദർശനം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് പരമാവധി ഒഴിവാക്കേണ്ടതാണ്. പദ്ധതികൾ നടപ്പിലാക്കിയ ശേഷം ആയതിന്റെ പ്രവർത്തനം സംബന്ധിച്ച് തുടർ മോണിട്ടറിംഗ് നടത്തേണ്ടതാണ്. നിർമ്മാണം പാതി വഴിയിൽ നിലച്ച ഇടപ്പള്ളിക്കോട്ട ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റോഡ് റസ്റ്റോറേഷൻ ചാർജിനത്തിലും ടെണ്ടർ ഫോറ വിലയിനത്തിലും ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുക അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	14.08.2022	1 മാസം	-
അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	30.08.2014	2009-2010 To 2013-14	27.10.2014

1-11 വസ്തു നികുതി ഈടാക്കിയതിൽ അപാകതകൾ

(1) സർക്കാരിന്റെ 28.03.2023 തിയ്യതിയിലെ നമ്പർ 15 (2) ലെഗ് എ 2/2023/നിയമം ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബി എ വകുപ്പ്, കേരള മുൻസിപ്പാലിറ്റി ആക്ട് 235 ബി എ വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറി തലംവരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവന്നിരുന്ന വസ്തുനികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന മദർ സുപ്പീരിയർ ലൂർദ് മാതാ കോൺവെന്റ്, എം ഇ.എസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ , വർഗ്ഗീസ് ജോൺ മണ്ണിൽ പ്ലാവിളയിൽ ഗുഡ് ഷെഫേർഡ് ചാരിറ്റബിൾ ആന്റ് എഡ്യൂക്കേഷണൽ ട്രസ്റ്റ്, വലിയത്ത് മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി എന്നിങ്ങനെ 4 അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നും വസ്തുനികുതി ഈടാക്കാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക്, മദർ സുപ്പീരിയർ ലൂർദ് മാതാ കോൺവെന്റ് സ്കൂൾ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് 1441316-2025 ഫയൽ നമ്പർ പ്രകാരം നടപടി തുടർന്ന് വരികയാണെന്നും, വലിയത്ത് മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റിയുടെ പേരിലുള്ള സ്ക്കൂളുകൾക്ക് നികുതി ഈടാക്കി വരികയാണെന്നും, മറ്റ് രണ്ട് സ്ക്കൂളുകൾക്ക് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയട്ടുണ്ട്. ആയത് ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻകുയറി നം.: 05/11.07.25)

(2) മൊബൈൽ ടവറുകളുടെ വസ്തുനികുതി കണക്കാക്കുന്നതിന് ടവറുകളുടെ തറവിസ്തീർണം കൂടാതെ, ജനറേറ്ററും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിരിക്കുന്ന ഭാഗത്തിന്റെ തറവിസ്തീർണം കൂടി പരിഗണിക്കേണ്ടതാണെന്ന് 26.2.22 ലെ സർക്കുലർ നമ്പർ സി ആർഡി 3/94/20/ തസ്വഭവ പ്രകാരം

സ്പഷ്ടീകരണം നല്കിയിരുന്നു. എന്നാൽ ഇത്തരത്തിൽ വസ്തു നികുതി പുനർനിർണയിച്ചതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക്, ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 9 മൊബൈൽ ടവറുകളുള്ളതിൽ 10/190 നമ്പർ ടവർ പൊളിച്ചുനീക്കിയിട്ടുള്ളതാണെന്നും, ബാക്കിയുള്ള 8 ടവറുകൾക്ക് (4/368 -1993,4/829-2011,8/65-2007,12/523-2003,16/667-2007,16/976-2005,23/398-2006) മേൽ സർക്കുലർ പ്രകാരം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതുപ്രകാരം നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നം. 5/11.7.25 & 18/17.7.25

(3) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മൂന്ന് ടർഫുകൾ പെർമിറ്റ് നേടാതെയും നികുതി ഒടുക്കാതെയും പ്രവർത്തിച്ചു വരുന്നതായി കണ്ടു. പഞ്ചായത്തിന്റെ തനതു വരുമാനം കൂട്ടുന്നതിന്റെ ഭാഗമായി, ഇത്തരം നിർമ്മിതികളിൽ നിന്നും പെർമിറ്റ്/ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി, വസ്തു നികുതി എന്നിവ ഈടാക്കാവുന്നതാണ്. ആയതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻകുയറിയ്ക്ക്, മേൽ ടർഫുകൾക്ക് നോട്ടീസ് നൽകി റെഗുലറൈസേഷൻ ഫീസ് ഈടാക്കി നികുതി നിർണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നം. 5/11.7.25 & 18/17.7.25

(4) കേരള തീരദേശ പരിപാലന അതോറിറ്റി ഡയറക്ടറുടെ 06.12.2024 ലെ 3149/എ1/2024/KCZMA ഉത്തരവ് പ്രകാരം CRZ IIIA പരിധി 50 മീറ്ററായി കുറച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ദൂര പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ചതായി കാണുന്നില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക്, CRZ IIIA ദൂരപരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി വസ്തുനികുതി പുനർ നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻകുയറി നം.: 05/11.07.25)

(5) വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ അസുമാ ബീവി, അമ്പിശ്ശേരി വടക്കതിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 22/513, 22/620 എന്നീ കെട്ടിടങ്ങളുടെ പേരിൽ 1,33,381/- രൂപ (2240+ 131141) കുടിശ്ശിക വരുത്തിയതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക്, ടി കെട്ടിടങ്ങളുടെ കുടിശ്ശിക നികുതി ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും, ടി കെട്ടിടങ്ങൾ ലീസിന് എടുത്തതുമായി ബന്ധപ്പെട്ട് WP(C) 11270/2023, WP (C)20329/23 എന്നീ കേസുകൾ ബഹു. കേരളാ ഹൈക്കോടതിയിൽ നടന്നുവരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട് . റവന്യൂ റിക്കവറി നടപടികളുടെ തുടർ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് എൻകൃയറി നം. 18/17.7.25

1-12 തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ

(1) പഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, ഡോക്ടർമാർ, വൈദ്യൻമാർ, സ്വയം തൊഴിലിൽ ഏർപ്പെടുന്നവർ എന്നിവരുടെ ഡേറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയ രേഖകൾ ലഭ്യമല്ല. പഞ്ചായത്തിന്റെ തനതു വരുമാനം കൂട്ടുന്നതിന്റെ ഭാഗമായി, ഇത്തരം പ്രൊഫഷണൽസിന്റെ പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക്, ഇത്തരം പ്രൊഫഷണൽസിന്റെ പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കി വരുന്നു എന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട് . ആയത് ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം. 5/11.7.25

(2) 2024-25 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ 17 കരാറുകാർ ഏറ്റെടുത്തു നടത്തിയതായി കാണുന്നു. പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ രേഖകൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻകൃയറി നം. 19/18.7.25)

(3) താഴെപ്പറയുന്ന ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി

ഈടാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ തൊഴിൽക്കരം ഒടുക്കുവരുത്തിയിട്ടില്ലെന്നും, ആയത് ഈടാക്കാനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

. വടക്കുംതല മേക്ക്
. ചിറ്റൂർ
. മുല്ലക്കേരി
. ചെറുശ്ശേരി ഭാഗം
. പന്മന

ഓഡിറ്റ് എൻകുയറി നം. 19/18.7.25

1-13 അനധികൃതമായി നിർമിച്ച കെട്ടിടങ്ങൾ- തുടർ നടപടി സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിന്റെ 21/05/2024 ലെ ഭരണസമിതി യോഗത്തിലെ 1(1) തീരുമാനപ്രകാരം, വിശ്വ സമുദ്ര എഞ്ചിനീയറിംഗ് കമ്പനി അനധികൃതമായി നിർമിച്ച കെട്ടിടങ്ങൾക്ക് നാളിതുവരെ കെട്ടിട നമ്പർ നേടുന്നതിനാവശ്യമായ രേഖകൾ സമർപ്പിട്ടില്ലാത്തതിനാൽ നിയമാനുസൃത രേഖകൾ സമർപ്പിക്കുന്നതിന് ഒരിക്കൽ കൂടി അറിയിപ്പ് നൽകുന്നതിനും നടപടി സ്വീകരിക്കാത്ത പക്ഷം അനധികൃത നിർമാണ ഗണത്തിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരിമാനിച്ചിട്ടുണ്ട്. ആയതിന്റെ നിലവിലെ സ്ഥിതി ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നം: 29/19.7.25

1-14 ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ

(1) ലൈസൻസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, ട്രേഡേഴ്സ് ലിസ്റ്റിൽ 890 സ്ഥാപനങ്ങൾ ഉൾപ്പെട്ടതായി കണ്ടു. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 482 ലൈസൻസ് മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഇത്തരം വലിയ വ്യത്യാസം വന്നതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക്, ഹൈവേ വികസനത്തിന്റെ ഭാഗമായി കണ്ണേറ്റി മുതൽ ശങ്കരമംഗലം

വരെയുള്ള പല കടമുറികളും പൊളിച്ചു മാറ്റിയതിനാൽ ലൈസൻസ് അനുവദിക്കാൻ സാധിക്കാത്ത അവസ്ഥയിലാണെന്നും, അതാണ് വ്യത്യാസം വരാൻ ഉണ്ടായ സാഹചര്യമെന്നും, ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ലൈസൻസ് അനുവദിക്കാൻ ബാക്കിയുള്ള 408 സ്ഥാപനങ്ങളിൽ, എത്രയെണ്ണമാണ് ഹൈവേ വികസനത്തിനന്റെ ഭാഗമായി പൊളിച്ചുമാറ്റിയതെന്നുള്ള വിവരം ലഭ്യമല്ല. ആയതിനാൽ സ്ഥലപരിശോധന നടത്തി, ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടിയുടെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകൗയറി നം. 9/ 15.07.25 & 18/17.7.25

(2) ലൈസൻസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപേക്ഷകൾ നിരസിച്ചതായി കണ്ടു.

1. ലിജാവർഗ്ഗീസ്, മഠത്തിൽവീട്, അയണിതെക്ക്, കരുനാഗപ്പള്ളി
2. ഉണ്ണികൃഷ്ണപിള്ള ,സരസ്വതി ഭവൻ ,പാലക്കൽ തേവലക്കര
3. ഷംല.എ ,പുത്തൻപുരയിൽ ,വടക്കുംതല
4. ജയശ്രീ.ആർ, വിശാഖം, പന്മന
5. രമണൻ ,കൊച്ചു മൂന്ന് തെങ്ങിൽ, ചിറ്റൂർ
6. ശ്രുതിലാൽ.കെ, ദാസ് പുരേടം, ആദിനാട് സൗത്ത്.
7. നൗഷാദ്,മണ്ടോലിൽ മേക്കതിൽ, വടക്കുംതല പി.ഒ,പന്മന
8. സബീർ.പി.എസ്, മുപ്പട്ടി വടക്കതിൽ, കോലം, പന്മന
9. അസിം,മുളമൂട്ടിൽ തറയിൽ, വടക്കുംതല
10. അനസ്.എ.ആർ, പോളച്ചിറക്കൽ ,വടക്കുംതല
11. എംആർ എം ഇക്കോ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, പന്മന പി ഓ, ചവറ
12. തസ്നി,മല്ലയിൽ വീട്, പൊന്മന

13. ബെന്നി. പി ഡാനിയൽ ,പ്ലാൻതോട്ടിൽ, ചുനക്കര

14. സുൽഫിക്കർ, പള്ളിയറക്കിഴക്കതിൽ,മാവേലി,പന്മന

15. ദിവ്യ. ടി. പി, കുന്നു വിളയിൽ, തെക്കൻ മൈനാഗപ്പള്ളി

16.വിഷ്ണുരാജ്, വിഷ്ണുഭവനം, കോലം,പന്മന

17. സൈനുദ്ദീൻ കുഞ്ഞ് ,സൈനാ മൻസിൽ ,മിടാപള്ളി

18. സുജാത രാമചന്ദ്രൻ ,കണ്ടശ്ശേരിയിൽ കിഴക്കതിൽ, വടക്കുംതല.

ആയതിൻമേൽ സ്വീകരിച്ച തുടർ നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക്, മേൽപ്പറഞ്ഞവർ അപേക്ഷ സമർപ്പിക്കുമ്പോൾ അനുബന്ധമായി ചേർക്കേണ്ടുന്ന രേഖകളിൽ വന്നിട്ടുള്ള അപാകതകൾ മാത്രമാണ് മറുപടിയായി നൽകിയിട്ടുള്ളത്. എന്നാൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നുള്ള കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ സ്ഥലപരിശോധന നടത്തി, ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച തുടർനടപടിയുടെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 9/ 15.07.25

1-15 ദേശീയ പാത 66 വികസനത്തിനായി പൊളിച്ച കുറ്റിവട്ടം ഷോപ്പിംഗ് കോപ്ലക്സ്- നഷ്ടപരിഹാര തുക നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിൽ വന്നില്ല.

പന്മന ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കരുനാഗപ്പള്ളി താലൂക്കിൽ വടക്കുംതല വില്ലേജിൽ റീസർവ്വേ ബ്ലോക്ക് നമ്പർ 17 സർവ്വേ 131/8 ൽപ്പെട്ട ഭൂമിയിൽ സ്ഥിതി ചെയ്തിരുന്ന പന്മന ഗ്രാമ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ദേശീയ പാത 66 വികസനവുമായി ബന്ധപ്പെട്ട് പൊളിച്ച് നീക്കുകയും കെട്ടിടത്തിന്റെ നഷ്ട പരിഹാര തുകയായ 7831739/-രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നഷ്ടപരിഹാര തുക നിക്ഷേപിക്കുന്ന ഹെഡ് ഓഫ് അകൌണ്ടായ 0075-00-105-98- ൽ 30/03 /2023 തീയതിയിൽ നിക്ഷേപിച്ചിട്ടുള്ളതും ആയത് സംബന്ധിച്ച് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, കോമ്പിറ്റൻറ് അതോറിറ്റിയുടെ കത്തും നടപടി ക്രമവും ലഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത തുക പഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അകൌണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് പന്മന ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പി4/9643/2023 നമ്പരായി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് കൊല്ലം ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന 01/01/2024 ൽ തദ്ദേശ സ്വയം

ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ തുക ഗ്രാമ പഞ്ചായത്ത് അക്കൌണ്ടിൽ ക്രഡിറ്റായിട്ടില്ല. ആയതിന്റെ നിലവിലത്തെ സ്ഥിതിവിവരം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക്, ഇതുമായി ബന്ധപ്പെട്ട ഫയൽ തദ്ദേശ സ്വയംഭരണ വകുപ്പ് വഴി ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണന്നും ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാര തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറുമെന്ന വിവരം അറിയാൻ കഴിഞ്ഞട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി തുക ക്രെഡിറ്റ് ആകുന്ന മുറയ്ക്ക് വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നം. 8/14-7-25

1-16 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നില്ല.

കേരളാ ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരവും 2011 ലെ കേരളാ പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 79 പ്രകാരവും തദ്ദേശഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞിട്ടും തിരികെ കൈപ്പറ്റാത്ത കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ വരവിലെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018 മുതലുള്ള ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാതെ പഞ്ചായത്തിന്റെ ബാധ്യതാ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പിന്റെ 1/125/19 തീ.14.1.20 നം. സർക്കുലർ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടുകളിൽ തിരികെ നൽകാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്ന് വർഷ കാലാവധി പൂർത്തിയാകുമ്പോൾ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ 2024-25 സാമ്പത്തിക വർഷം കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുതൽ കൂട്ടുന്നതാണെന്ന് ടി വിഷയം സംബന്ധിച്ച് നൽകിയ എൻകുയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ഫെസ്റ്റിവൽ അഡ്വാൻസ് നാളിതുവരെ ക്രമീകരിച്ചില്ല

2024-ലെ ഓണം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ശ്രീ വിനോദ്, എഫ്.റ്റി.എസിന് നൽകിയ 10000/- രൂപയിൽ (വൗച്ചർ നം 22400776/13.9.24) 6,000/- രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. 2024 സെപ്റ്റംബർ മാസം മുതൽ 5 തുല്യ ഗഡുക്കളായി ഈടാക്കേണ്ടിയിരുന്ന ഫെസ്റ്റിവൽ അഡ്വാൻസ് മുഴുവൻ തുകയും തിരികെ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടിയായി, ടിയാൻ സസ്പെൻഷനിൽ നിൽക്കുന്നതിനാൽ സസ്പെൻഷൻ നടപടികൾ തീർപ്പായതിന് ശേഷം തുക ഈടാക്കുന്നതാണെന്ന് അറിയിച്ചു. മുൻകൂർ നൽകിയ തുക ക്രമപ്രകാരമുള്ള പലിശ സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി 24/19.7.2025

1-18 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടു് (നം.73/25) പ്രകാരം ഹോമിയോ മരുന്നിനായി ഹോംകോ എന്ന സ്ഥാപനത്തിൽ ₹4,00,000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം ഗ്രാന്റ്, ബിൽ നം.02/22.02.25) ഒടുക്കിയെങ്കിലും ₹1,96,279/- ടെ മരുന്ന് ലഭ്യമായിട്ടില്ല.

വിശദാംശങ്ങൾ, സ്വീകരിച്ച തുടർ നടപടികളുടെ വിവരം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ ₹1,96,279/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മരുന്ന് ലഭ്യമാകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് സ്റ്റോക്ക് എൻട്രി നടത്തി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16 17.07.25

1-19 ഷീ ഹെൽത്ത് എന്ന പ്രോജക്ടി-ആയുർവേദമരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ നം.338/25 ഷീ ഹെൽത്ത് എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നും ₹9,00,000/- (

ബിൽ നം.04/31.12.24) മരുന്ന് വാങ്ങുന്നതിനായി ഔഷധി എന്ന സ്ഥാപനത്തിൽ ഒടുക്കിയതിൽ ₹7,088/- ടെ മരുന്ന് ലഭ്യമായിട്ടില്ല.

വിശദാംശങ്ങൾ, സ്വീകരിച്ച തുടർ നടപടികളുടെ വിവരം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മരുന്ന് ലഭ്യമാകുന്നതുവരെ ₹7,088/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 പ്രൈമറി പാലിയേറ്റീവ് കെയർ പ്രോഗ്രാം-കെഎംഎസ് സി എൽ - ൽ നിന്നും മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (സിഎച്ച്സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി മരുന്ന് വാങ്ങുന്നതിന് കെഎംഎസ് സി എൽ എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയിസ് പ്രകാരം മുൻകൂർ തുക ഒടുക്കിയെങ്കിലും മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം., പേര്	കുറിപ്പ്
SO279/25 പ്രൈമറി പാലിയേറ്റീവ് കെയർ പ്രോഗ്രാം വികസന ഫണ്ട്, ആകെ ചെലവ് ₹2,87,502/-	1) KMSCL എന്ന സ്ഥാപനത്തിൽ ₹1,99,308/- ഒടുക്കിയെങ്കിലും മരുന്ന്, ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. (ബിൽ നം. 04/15.07.24)
113/25 പ്രൈമറി പാലിയേറ്റീവ് കെയർ പ്രോഗ്രാം വികസന ഫണ്ട് ചെലവ് - ₹9,99,499 തനത് ഫണ്ട് ചെലവ്-₹1,98,237	KMSCL എന്ന സ്ഥാപനത്തിൽ വിവിധ പ്രൊഫോർമ ഇൻവോയിസുകൾ പ്രകാരം യഥാക്രമം ₹1,67,943/-,₹5,24,709, ₹99,873 ഒടുക്കിയെങ്കിലും മരുന്ന്, ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ₹1,67,943/- ബിൽ നം.21/22.03.25 ₹5,24,709/- ബിൽ നം.17/21.01.25 ₹99,873/- ചെക്ക് നം. 158/24.03.25

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ₹9,91,833/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മരുന്ന് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും സ്റ്റോക്ക് എൻട്രി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.15 17.07.25

1-21 നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു

B-18 ഷെഡ്യൂൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ ക്രമീകരിക്കാനുള്ള മുൻകൂർ തുകയായി വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി KSEB, ഭൂജലവകുപ്പ് തുടങ്ങിയ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകയും ഉൾപ്പെടുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഷെഡ്യൂൾ	സ്ഥാപനം /വ്യക്തി	മുൻകൂർ തുക ₹)
460500202	KSEB	607,422/-
460500204	GWD	2,648,568/-
460500399	Advance To Other Agency	7,288,500/-

മേൽ പദ്ധതികൾ നിലവിൽ പൂർത്തിയാക്കിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ, കൂടാതെ നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ തുകകൾ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ (എസ്.എഫ്.സി-സെൽ.എ.) വകുപ്പിന്റെ സ.ഉ.കൈ.നം 38/23 ധന തീ.9.3.23 നം ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ലൂ.എ ഉൾപ്പടെയുള്ള അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്നും

ചെലവഴിക്കാത്ത തുക സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടയ്ക്കണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. തുടർനടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി നം.24/19.7.25

1-22 കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ ഭിന്നശേഷി കുട്ടികളുടെ മെയിന്റനൻസിനുള്ള ധനസഹായം-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്ട് നം., പേര്	(പ്രോജക്ട് നം 297/25) കോക്ലിയാർ ഇംപ്ലാന്റെഷൻ കഴിഞ്ഞ ഭിന്നശേഷി കുട്ടികളുടെ മെയിന്റനൻസിനുള്ള ധനസഹായം
അടങ്കൽ	50000/-രൂപ – തനത് ഫണ്ട്
ചെലവ്	50000/--രൂപ(ചെക്ക് നം 690177118/13.1.25)
നിർവഹണ ഉദ്യോഗസ്ഥ	ഐസിഡിഎസ് സൂപ്പർവൈസർ

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ശ്രീ ഹംദാൻ, പ്ലാമൂട്ടിൽ വടക്കതിൽ മുല്ലക്കേരി എന്ന ഗുണഭോക്താവിനായി 50000/-രൂപ കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നം.ഡി.എ1/284/2023 ത.സ്വ.ഭ.വ. തീയതി 09.11.23-ലെ ഉത്തരവ് പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഒരു കുട്ടിയ്ക്ക് 50,000/- രൂപ നിരക്കിൽ തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കുട്ടികളുടെ ലിസ്റ്റ് സഹിതം കൈമാറേണ്ടതും വർഷാവസാനം തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് എൻകൗയറിയ്ക്ക് മറുപടി ലഭ്യമാക്കി. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കി 50000/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി നം 11/16.7.25

1-23 ജി.എസ്.ടി-ടിഡിഎസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു

പ്രോജക്ട് നം., പേര്	അടങ്കൽ	ചെലവ്	ബിൽ നം.
പച്ചക്കറി കൃഷിടെറസിലും മുറ്റത്തും	വികസന ഫണ്ട്-1518000/- ഗുണഭോക്തൃവിഹിതം-460000/-	വികസന ഫണ്ട്-1518000/- ഗുണഭോക്തൃവിഹിതം-460000/	476453/10.3.25 476459/10.3.25 476496/10.3.25 476468/10.3.25 476483/10.3.25 506049/12.3.25 506057/12.3.25 1572288/18.3.25 572319/18.3.25

2017-ലെ ചരക്ക് സേവന നിയമം സെക്ഷൻ 51(1) പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുമ്പോൾ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമാകുന്ന സാഹചര്യത്തിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി-ടിഡിഎസ് നടത്തേണ്ടതാണ് എന്ന് കേന്ദ്രധനമന്ത്രാലയം 13/09/2018 ലെ വിജ്ഞാപനം നം 50/2018-Central Tax പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും പ്രോജക്ടിൽ (71/25)HDPE ചെടിച്ചട്ടിക്ക് ചട്ടി ഒന്നിന് 140 രൂപ നിരക്കിൽ (18% GST ഉൾപ്പെടെ) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. HDPE ചെടിച്ചട്ടി വിതരണം ചെയ്ത കാവേരി ഫെർട്ടിലൈസർ എന്ന സ്ഥാപനത്തിന് നികുതി ഒഴിച്ചുള്ള തുകയുടെ 2% തുകയ്ക്ക് തുല്യമായ തുക സ്രോതസ്സിൽ നിന്നും നികുതിയായി കുറവ് ചെയ്തതിന് ശേഷം തുക അനുവദിക്കേണ്ടതിന് പകരം മുഴുവൻ തുകയും നൽകി. ഇത് സംബന്ധിച്ച് നൽകിയ എൻകവയറിക്ക് മറുപടിയായി, ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുമ്പോൾ തുക 2.5 ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ 2% ജി.എസ്.ടി-ടിഡിഎസ് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻകവയറി നം.12/17.7.25

1-24 ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കളിൽ അഞ്ച് പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വീട് പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 2023-24 സാമ്പത്തിക വർഷം കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുക കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര് ശ്രീ /ശ്രീമതി	അനുവദിച്ച തുക ₹	കരാർ തീയതി / ആദ്യഗഡു അനുവദിച്ച തീയതി
1	അജിത, വയലിൽ പുത്തൻവീട്, വാർഡ് - 16	40,000	19.07.23
2	വിനോദ് നമ്പ്യാരയ്യത്ത് കിഴക്കതിൽ, വാർഡ് - 7	40,000	13.03.23
3	മിഥുല, ശ്രീധന്യം, വാർഡ് - 19	40,000	02.06.23
4	സജീവ്, കുഞ്ഞുപഞ്ഞിക്കൽ, വാർഡ് - 22	40,000	24.11.23
5	ശ്രീദേവി, ഉതിരാംകാവിൽ, വാർഡ് - 23	40,000	10.05.23

നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ആദ്യ ഗഡു സബ്സിഡി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം ആരംഭിക്കുന്നതിന് നോട്ടീസ് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം

പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത പക്ഷം കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.

1-25 ജനറൽ കമ്മിറ്റി മിനിട്സ് സമയബന്ധിതമായി അംഗീകാരത്തിന് സമർപ്പിക്കുന്നില്ല.

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ സമയപരിധി പാലിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	യോഗ തീയതി	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	അദ്ധ്യക്ഷൻ അപ്പ്രൂവ് ചെയ്ത തീയതി
1	09.05.24	24.05.24	24.05.24
2	21.05.24	07.06.24	07.06.24
3	15.05.24	28.05.24	28.05.24
4	28.05.24	07.06.24	07.06.24
5	20.06.24	31.08.24	31.08.24
6	29.06.24	02.09.24	02.09.24
7	10.07.24	14.08.24	14.08.24
8	29.07.24	04.09.24	04.09.24
9	27.08.24	11.09.24	11.09.24
10	10.09.24	01.10.24	01.10.24
11	20.09.24	27.09.24	27.09.24
12	09.10.24	21.12.24	21.12.24
13	26.10.24	10.12.24	10.12.24
14	13.11.24	07.02.25	07.02.25

15	26.11.24	17.02.25	17.02.25
16	11.12.24	17.02.25	17.02.25
17	13.12.24	20.12.24	20.12.24
18	28.12.24	17.02.25	17.02.25
19	13.01.25	17.02.25	17.02.25
20	24.01.25	20.02.25	20.02.25
21	01.02.25	18.02.25	18.02.25
22	24.02.25	22.05.25	22.05.25
23	27.02.25	22.05.25	22.05.25
24	07.03.25	22.05.25	22.05.25
25	17.03.25	22.05.25	22.05.25
26	28.03.25	22.05.25	22.05.25

മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകൗയറിക്ക്, സകർമയിൽ അറ്റൻഡൻസ് രേഖപ്പെടുത്തുവാൻ കഴിയാതിരുന്ന സാങ്കേതിക പ്രശ്നവും പ്രസിഡന്റ് അവധിയിൽ പ്രവേശിച്ചതിനാലും നിലവിലെ പ്രസിഡന്റ് രാജിവെച്ചതിനാലും സകർമയിൽ വരുത്തിയ മാറ്റങ്ങൾ മിനിട്സ് അയയ്ക്കുന്നതിന് തടസ്സം നേരിട്ടതിനാലുമാണ് മിനിട്സ് സമയബന്ധിതമായി അംഗീകരിക്കുവാൻ കഴിയാതിരുന്നത് എന്ന് മറുപടി ഹാജരാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(8) അനുശാസിക്കും വിധം സമയബന്ധിതമായി മിനിട്സ് ക്ലോസ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൗയറി നംപർ 07/ 14.07.25

1-26 റോഡ് റസ്റ്റോറേഷൻ ചാർജ്-ലഭിക്കാനുള്ളത് 2.50 കോടി രൂപ

അസി എൻജിനിയർ തയ്യാറാക്കിയ വാല്യുവേഷൻ പ്രകാരം ജൽ ജീവൻ മിഷൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് റസ്റ്റോറേഷൻ ചാർജിനത്തിൽ ഗ്രാമപഞ്ചായത്തിന് നാളിതുവരെയായി 2,52,58,885.51/ - രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുവാനുള്ളതായി കാണുന്നു. മേൽ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകൗയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ജൽ ജീവൻ മിഷൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പുകൾ

സ്ഥാപിക്കുന്നതിനായി കുഴിയെടുത്ത റോഡുകളിൽ മിക്കതും ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റ പണികൾ ചെയ്ത സാഹചര്യത്തിൽ റോഡ് റസ്റ്റോറേഷൻ ചാർജിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുക അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നംപർ 23/ 18.07.25

1-27 വടക്കുതല ബാബുജി റോഡ് - ശിവാനന്ദപുരം പുനരുദ്ധാരണം സെക്കന്റ് റീച്ച് - പ്രവൃത്തി ആരംഭിച്ചില്ല

പദ്ധതി- SO 221/ 25വടക്കുതല ബാബുജി റോഡ് - ശിവാനന്ദപുരം പുനരുദ്ധാരണം സെക്കന്റ് റീച്ച്

അടങ്കൽ – 5,00,000/- (മെയിന്റനൻസ് ഗ്രാന്റ്)

ചെലവ് – 0

കരാറുകാരൻ : ശ്രീ ഷെഫീക്ക് കെ കെ

കരാർ നം 69/ AE/ LID & EW/ PGP/ 23 -24/ 14.03.24

3 മാസ കാലാവധിയിൽ പണി പൂർത്തീകരിക്കാമെന്ന കരാറിൽ 14.03.24 ൽ സ്ഥലം ഏറ്റെടുത്തെങ്കിലും നാളിതുവരെയായി പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, സെക്കന്റെ റീച്ചിന്റെ കോൺക്രീറ്റ് ചെയ്യുന്ന ഭാഗവുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്നതിനാൽ പ്രവൃത്തി പൂർത്തീകരിച്ചില്ലായെന്നും തർക്കം പരിഹരിച്ചതിനു ശേഷം പ്രവൃത്തി പൂർത്തികരിക്കാമെന്നും മറുപടി ഹാജരാക്കിയിട്ടുണ്ട്. കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ചവരുത്തുന്ന പക്ഷം പിഴയോടുകൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. കരാർ ചമച്ച് കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും ലിക്വിഡിറ്റി ഡാമേജ് ഈടാക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. കരാർ കാലാവധി നിയമാനുസൃതം ദീർഘിപ്പിച്ചു വാങ്ങാത്ത കരാറുകാരനിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നംപർ 21/ 18.07.25

1-28 തുമ്പൂർമുഴി മാലിന്യസംസ്കരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പദ്ധതി- 218/ 25 സ്കൂളുകൾക്ക് തുംമ്പൂർമുഴി സ്ഥാപിക്കൽ

അടങ്കൽ – 10,00,000/-

ചെലവ് – 10,00,000/- ബിൽ നം 59/ 24- 25/ 21.02.25 - അസി എൻജിനിയർ

ബിൽ നം 25/ 24 - 25/ 26.03.25 - സെക്രട്ടറി

കരാറുകാരൻ : ശ്രീ സുബിൻഷാ എസ്

കരാർ : 58/ AE/ LID & EW/ PGP/ 23-24/ 07.03.24

എം ബുക്ക് : 137856/ 2023 – 5 – 1 - 1

അസി. എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് സ്കൂളുകൾക്ക് തുംമ്പൂർമുഴി സ്ഥാപിക്കൽ. വായുനിർഗമനത്തിന്റെയും ചാണകത്തിലെ സൂക്ഷമജീവികളുടേയും സഹായത്തോടെ മൃഗങ്ങളുടെ മൃതശരീരം വരെ ദ്രവിപ്പിച്ച് വളമാക്കാനുതകുന്ന കമ്പോസ്റ്റിങ്ങ് രീതിയാണ് തുമ്പൂർമുഴി. പരിസ്ഥിതി സൗഹൃദപരം, ദുർഗന്ധരഹിതം, ജൈവാവശിഷ്ടം വിലയേറിയ വളമാക്കൽ, കുറഞ്ഞ സ്ഥലവിനിയോഗം, ചെലവു കുറവ് എന്നിവയാണ് തുമ്പൂർമുഴി മാലിന്യസംസ്കരണത്തിന്റെ പ്രത്യേകതകൾ. റൂഫിംഗ് ഷെഡ്, ഏയ്റോബിക്ബിൻ യൂണിറ്റ്, സോക്ക് പിറ്റ് എന്നിവയാണ് തുമ്പൂർമുഴി മാലിന്യസംസ്കരണ യൂണിറ്റിലെ ഘടകങ്ങൾ.

പദ്ധതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അവലംബിച്ച മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.

2. ഒരു യൂണിറ്റിന് 2 ഏയ്റോബിക് ബിൻ മാത്രം ആവശ്യമിരിക്കേ 3 ഏയ്റോബിക്ക്

ബിന്നുകൾ സ്ഥാപിക്കുവാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

3. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 4 സ്കൂളുകളിൽ ഏയ്റോബിക്ബിൻ സ്ഥാപിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും 3 സ്കൂളുകളിൽ മാത്രമെ പദ്ധതി നടപ്പാക്കിയിട്ടുള്ളു.

4. പദ്ധതി 17.02.2025ൽ പൂർത്തിയായിട്ടുണ്ടെങ്കിലും നാളിതുവരെയായി ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. കൂടാതെ, പദ്ധതിയുടെ ശരിയായ നടത്തിപ്പിനായി ആവശ്യം വരുന്ന മനുഷ്യ ദിനങ്ങളെ കുറിച്ച് പദ്ധതിയിലോ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിക്കുന്ന മോണിറ്ററിംഗ് സമിതിയിലോ

പരാമർശിക്കാത്തതിനാൽ പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യം പൂർത്തീ കരിക്കുന്നതിന് ഭാവിയിൽ തടസ്സം നേരിട്ടേക്കാം.

മേൽ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, ചീഫ് എൻജിനിയറുടെ മോഡൽ എസ്റ്റിമേറ്റാണ് ഉപയോഗിച്ചതെന്നും സ്ഥല പരിമിതിയും കുട്ടികളുടെ എണ്ണവും പി ടി എ യുടെ എണ്ണവും അനുസരിച്ചാണ് ബിന്നുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും DVLPS മനയിൽ സ്കൂളിൾ അധികൃതരും പി ടി എ കമ്മിറ്റിയും എതിർപ്പ് പ്രകടിപ്പിച്ചതിനാലാണ് ടി സ്കൂളിനെ ഒഴിവാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന യാതൊരു തെളിവുകളും ഹാജരാക്കിയിട്ടില്ല. ജൈവ മാലിന്യ സംസ്കരണ രംഗത്ത് മാതൃകയാകാവുന്ന മേൽ പദ്ധതി പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സമിതിയുടെയും മോണിട്ടറിംഗ് സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻകൃയറി നം 30/ 19.07.25

1-29 ഇടപ്പള്ളിക്കോട്ട ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- ആരംഭിച്ച് ആറ് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം - 266/ 25 - ഇടപ്പള്ളികോട്ട മാർക്കറ്റിൽ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

അടങ്കൽ - 60,00,000/- തനത് ഫണ്ട്.

- 10700596/- മറ്റുള്ളവ

ചെലവ് - 74,11,304/- (നാളിതുവരെ)

ഭരണാനുമതി - 01(1)/ 13.06.17

സാങ്കേതികാനുമതി - 110581/ 17 -18

കരാറുകാരൻ - ശ്രീ അൻസറുദ്ദീൻ

കരാർ നം - 33/AE/LSGD/ PGP/ Dtd 17.09.18.

പ്രവർത്തി ആരംഭിച്ച തീയതി - 01.12.2018

കരാർ പ്രകാരം പൂർത്തിയാക്കേണ്ട തീയതി - 21.04.2020

അസിസ്റ്റന്റ് എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി 2018–19 സാമ്പത്തിക വർഷം പ്രോജക്ട് നം 147/ 18 പ്രകാരം 2,48,00,000/- രൂപ അടങ്കലിൽ കരാറുകാരൻ ശ്രീ അൻസറുദ്ദീൻ ഏറ്റെടുത്ത പ്രവർത്തി 21.04.2020 ൽ പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ വിവിധ കാരണങ്ങളാൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുകയും തുടർന്നുവന്ന വർഷങ്ങളിൽ പദ്ധതി സ്പിൽഓവറായി ഉൾപ്പെടുത്തുകയും ചെയ്തു. (244/ 19, 257/ 20, 229/ 21, 182/ 22, 35/ 23, 169/ 24, 266/ 25) എന്നാൽ നാളിതുവരെയായി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 19.04.23 വരെ കരാറുകാരൻ പ്രവൃത്തി ചെയ്തുകയും പാർട്ട് ബിൽ ഇനത്തിൽ വിവിധ സാമ്പത്തിക വർഷങ്ങളിൽ രൂപ 74,11,304/- കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നാളിതുവരെയായി യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല. കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി കഴിഞ്ഞും നിരവധി തവണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടും നാളിതുവരെയായി പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകുയറിക്ക് വിവിധ കാരണങ്ങളാലാണ് പദ്ധതി നീണ്ടു പോയതെന്നും ആകെ 80,19,176/- രൂപയുടെ പ്രവൃത്തി ചെയ്തതിൽ 74,11,304/- രൂപ മാത്രമെ കരാറുകാരന് നൽകിയിട്ടുള്ളുവെന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരൻ സന്നദ്ധനാണെന്നും നിലവിലെ സാഹചര്യത്തിൽ ഫണ്ട് നിലവിലില്ലാത്തതാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സം നിൽക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിന് ഊർജ്ജം പകരും വിധം ആസൂത്രണം ചെയ്ത് ഭീമമായ തുക ചെലവഴിച്ചിട്ടും നാളിതുവരെ പദ്ധതി പൂർത്തിയാകാത്തത് ആശ്വാസ്യമല്ല. ആയതിനാൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി പൂർത്തിയാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിച്ചുകൊള്ളുന്നു.

ഓഡിറ്റ് എൻകുയറി നം 04/ 11.07.25

1-30 ഇ-ടെണ്ടർ ഫീസ് - തിരികെ ലഭിക്കാനുള്ളത് 17.42 ലക്ഷം രൂപ

പന്മന ഗ്രാമപഞ്ചായത്തിന്റെ 2015-16 മുതൽ 2023 – 24 വരെ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായ 17,42,641/- രൂപ എക്സിക്യൂട്ടീവ് എൻജിനിയർ, എൽ ഐ ഡി & ഇ ഡബ്ല്യു ഡിവിഷൻ, കൊല്ലം എന്ന അക്കൌണ്ടിലാണ് നിലവിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്.

മേൽ വരവ് തുക പന്മന ഗ്രാമപഞ്ചായത്ത് അസി എൻജിനിയറുടെ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനും തുടർന്ന് ഇ ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫോം വില അസി എൻജിനിയറുടെ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ആകുന്നതിനും നിരവധി തവണ കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയായി മേൽ തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകപയറിക്ക് എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൌണ്ട് മാപ്പ് ചെയ്യുന്നതിന് കേരളാ ഐ ടി മിഷൻ ഡയറക്ടർക്ക് ആവശ്യമായ രേഖകൾ സഹിതം കത്ത് നൽകിയിട്ടുണ്ടെന്നും അസി എൻജിനിയറുടെ അക്കൌണ്ടുമായി ബന്ധപ്പെട്ട ചെക്കിന്റെ വിവരങ്ങൾ എക്സിക്യൂട്ടീവ് എൻജിനിയറുടെ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടതിനെ തുടർന്ന് അയച്ചു കൊടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫോറ വിലയിനത്തിൽ ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ ഒടുക്ക് വരുവാനുള്ള തുക ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകപയറി നം 06/ 14.07.25

1-31 തെരുവുനായ പേവിഷ പ്രതിരോധ കുത്തിവയ്പ്-ജില്ലാ പഞ്ചായത്ത് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നം.353/25 പ്രകാരം തെരുവുനായ പേവിഷ പ്രതിരോധ കുത്തിവയ്പിനായി ജില്ലാ പഞ്ചായത്തിന് തനത് ഫണ്ടിൽ നിന്നും ₹50,000/- (ചെക്ക് നം.213/26.03.25) അനുവദിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-32 പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം-സിസിടിവി സ്ഥാപിക്കൽ - പ്രോജക്ട് പൂർത്തിയായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നം.197/25 പ്രകാരം പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം ഒഴിവാക്കുന്നതിനായി തനതുഫണ്ടിൽ നിന്നും ₹7,00,000/- ചെലവഴിച്ച് കെൽട്രോൺ മുഖേന സിസിടിവി ക്യാമറ സ്ഥാപിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. കെൽട്രോണിൽ നിന്നും ലഭ്യമാക്കിയ പ്രോഫോർമ ഇൻവോയിസ് പ്രകാരം എസ്റ്റിമേറ്റ് തുക ₹7,00,000/- ആണ്.

തൻവർഷം പ്രോജക്ടിനായി തനതുഫണ്ടിൽ നിന്നും₹2,80,000/- മുൻകൂറായി അനുവദിച്ചിട്ടുണ്ട്.(ചെക്ക് നം. 221/26.03.2025)

പ്രോഫോർമ ഇൻവോയിസ് നം.CPG/P216/24-25 /15.03.25, കെൽട്രോൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ട കരാർ എന്നിവ പ്രകാരം സ്ഥാപനത്തിന് പ്രോജക്ട് ചെലവിന്റെ 40% തുകയായ ₹2,80,000/- മുൻകൂറായി അനുവദിക്കേണ്ടതും കരാർ തീയതിയായ 21.03.25 മുതൽ ഒരുമാസത്തിനകം പ്രോജക്ട് പൂർത്തീകരിക്കുന്നതുമാണ്. എന്നാൽ നാളിതുവരെയും പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല.

കെൽട്രോണിൽ നിന്നും നല്കിയിട്ടുള്ളതും കരാറിന്റെ ഭാഗമായിട്ടുള്ളതുമായ പ്രൊപ്പോസൽ നം.KCC/CPG/G36/2024-25/1717 /13.01.25 ലെ നിബന്ധന പ്രകാരം പ്രോജക്ട് പൂർത്തീകരണത്തിന് കാലതാമസം വന്നാൽ ഓരോ ആഴ്ചയ്ക്കും 1% നിരക്കിൽ 10% വരെ വിലയിൽ കിഴിവ് വരുത്താവുന്നതാണ്.
ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ക്യാമറകൾ സ്ഥാപിക്കുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
നാളിതുവരെയും ക്യാമറ ഇൻസ്റ്റലേഷനും പ്രോജക്ട് പൂർത്തീകരണവും നടന്നിട്ടില്ലാത്തതിനാൽ കരാർ നിബന്ധനകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് പൂർത്തിയായിട്ടില്ലാത്തതിനാൽ ₹2,80,000/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.27/19.07.25

1-33 ആറാം വാർഡിലെ കിഴക്കേക്കണ്ണങ്കോട്ട് കുളം (ചിറ്റാഴത്ത് കുളം) നവീകരണം-നിക്ഷേപ പ്രവൃത്തി പൂർത്തിയായില്ല

പ്രോജക്ട് നം.205 /25 പ്രകാരം ഗ്രാമപഞ്ചായത്ത് ആറാം വാർഡിലെ കിഴക്കേക്കണ്ണങ്കോട്ട് കുളം (ചിറ്റാഴത്ത് കുളം) നവീകരണത്തിനായി നഗരസഞ്ചയാ ഫണ്ടിൽ നിന്നും ₹13,60,000/- (ചെക്ക് നം.213659/04.01.25) പിൻവലിച്ച് തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പേർക്കുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി നല്കിയിട്ടുണ്ട്.

പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തുക കൈപ്പറ്റിയ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ലായെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുക വിനിയോഗിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ₹13,60,000/- ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് പൂർത്തീകരണ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-34 പട്ടികജാതി വിഭാഗത്തിൽപ്പെട്ട പുരുഷന്മാർക്ക് ബാന്റ് സെറ്റ് - പ്രോജക്ട് ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ 277/25 പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട പുരുഷന്മാർക്ക് ബാന്റ് സെറ്റ് നല്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വികസന ഫണ്ട് (എസ് സി പി) - ₹4,98,750/-	ഗുണഭോക്തൃ വിഹിതം - ₹26,250/-
ബിൽ നം.19/30.07.24 - ₹1,45,000/-	ചെക്ക് നം.5553/31.08.25
ബിൽ നം.20/19.08.24 - ₹2,24,00/-	--
ബിൽ നം.23/06.09.24 - ₹1,29,750/-	--

മേൽ പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് രേഖകൾ ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹5,25,000/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ലെങ്കിൽ ചെലവഴിച്ച തുക നിർവ്വഹണോദ്യോഗസ്ഥനിൽ ഈടാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് റിക്വിസിഷൻ നം. 01/10.07.25

ഓഡിറ്റ് എൻക്വയറി നം. 25/19.07.25

1-35 ഭവന പുനരുദ്ധാരണം പ്രോജക്ടുകളുടെ ഫയൽ സൂക്ഷിപ്പിലെ അപാകതകൾ- ആനുകൂല്യം അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല.

(I)ഭവന പുനരുദ്ധാരണം പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ കൃത്യമായ രേഖകൾ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ലായെന്ന് വ്യക്തമായി. വിവിധ ഗുണഭോക്താക്കളുടെ പേരിലുള്ളതും ഫയലിൽ കോപ്പി സൂക്ഷിച്ചിട്ടുള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്കല്ലാതെ ഗുണഭോക്താവിന്റെ പേരിലുള്ള മറ്റൊരു ബാങ്ക് അക്കൗണ്ടിലേക്ക് ബിൽ പ്രകാരം തുക അനുവദിച്ചിട്ടുള്ളതായും കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

(A)

പ്രോജക്ട് നം.	ഗുണഭോക്താവിന്റെ പേര് ശ്രീ / ശ്രീമതി	അനുവദിച്ച തുക ₹	ബിൽ പ്രകാരം തുക നല്കിയ അക്കൗണ്ട് നം.	ഫയലിൽ സൂക്ഷിച്ച രേഖകൾ പ്രകാരം അക്കൗണ്ട് നം.
276/25	ജമ്മ, പുത്തൻപുര, മേക്കാട്	50,000	BOI 84721011000363	BOI 847210110003663
ബില്ലിൽ അക്കൌണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തി കാണുന്നു. ഗുണഭോക്താവിന് തുക ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.				

(B)

പ്രോജക്ട് നം.	ഗുണഭോക്താവിന്റെ പേര് ശ്രീ / ശ്രീമതി	അനുവദിച്ച തുക ₹	ബിൽ പ്രകാരം തുക നല്കിയ അക്കൗണ്ട് നം.	ഫയലിൽ സൂക്ഷിച്ച രേഖകൾ പ്രകാരം അക്കൗണ്ട് നം.
276/25	ഷൈലജ, ശ്രീകൃഷ്ണ ഭവനം	50,000	BOI 847210110001396	BOI 847210110009324
276/25	സുനിത, അഭിജിത്ത് ഭവനം	25,000	Union Bank 569198893088	520191022763011

145/25	സുരേഷ്, വെങ്കടമ്പിൽ	35,000, 40,000	Corporation Bank 162600101001411	520101027217422
185/25	ജയന്തി ജെ, സുരേന്ദ്ര ഭവനം	75,000	SBI 203824005785	SBI 20382400572
185/25	വിനീത വി, അമ്പാലയിൽ, വടുതല	40,000	BOI 847210110015183	SBI 57048975016

മേൽ വ്യതിയാനങ്ങൾക്കുള്ള കാരണം വിശദീകരിക്കേണ്ടതും അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്ന് കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(Ii) പ്രോജക്ട് നം. 276/25 പ്രകാരം ശ്രീമതി വിനീത, ശ്രീകൃഷ്ണഭവനം എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് (Ac No.67380582768) ₹50,000/- അനുവദിച്ചിട്ടുണ്ട് (ബിൽ നം.10/12.07.24). ബന്ധപ്പെട്ട ഫയലും അനുബന്ധ രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

(Iii) പ്രോജക്ട് നം. 185/25 പ്രകാരം ശ്രീമതി രത്നമ്മ (UBI Ac No.520101027217562), ശ്രീമതി ഓമന (SBI Ac No.67344015328)എന്നീ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ₹40,000/- വീതം അനുവദിച്ചിട്ടുണ്ട് (ബിൽ നം.07/12.07.24). ബന്ധപ്പെട്ട ഫയലും അനുബന്ധ രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

(Iv) പ്രോജക്ട് നം. 276/25 പ്രകാരം ശ്രീമതി ഷംന എന്ന ഗുണഭോക്താവിന് 09/12.07.24 എന്ന ബിൽ പ്രകാരവും 10/12.07.24 എന്ന ബിൽ പ്രകാരവും സബ്സിഡി ഇനത്തിൽ ആകെ ₹1,00,000/- അനുവദിച്ചിട്ടുണ്ട്.

ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം ശ്രീമതി ഉമൈബ, മുംതാസ് മൻസിൽ (വാർഡ് 11) എന്ന ഗുണഭോക്താവിന് ₹50,000/- അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബിൽ പ്രകാരം തുക അനുവദിച്ചിട്ടുള്ളതായി കാണുന്നില്ല.

മേൽ അപാകതയ്ക്കുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ശ്രീമതി ഉമൈബയുടെ അക്കൗണ്ടിലേക്കു പോകേണ്ട തുക ശ്രീമതി ഷംനയുടെ അക്കൗണ്ടിലേക്ക് തെറ്റായി ക്രഡിറ്റായിട്ടുണ്ടെന്നും തുക ഉമൈബയ്ക്കു ലഭ്യമാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ വ്യതിയാനങ്ങൾക്കുള്ള കാരണം വിശദീകരിക്കേണ്ടതും അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്ന് കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ഓഡിറ്റ് എൻകപയറി നം. 26/19.07.2025

1-36 ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ് - രേഖകൾ സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ് എന്ന പ്രോജക്ട് പ്രകാരം അഞ്ച് ഹൈമാസ്റ്റ് ലൈറ്റുകൾ മെയിന്റനൻസ് നടത്തുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട്	ഫണ്ടിനം	ചെലവ് തുക ₹
201/25 ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ്	തനത് ഫണ്ട്, ചെക്ക് നം.213679/20.02.25	4,90,413

കേരള ഇല്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കുണ്ടറ (കെ ഇ എൽ) എന്ന സ്ഥാപനത്തിനാണ് മെയിന്റൻസ് കരാർ നല്കിയിട്ടുള്ളത്.

മെയിന്റനൻസ് നടത്തിയ വിളക്കുകൾക്ക് സ്ഥാപനം മൂന്ന് വർഷത്തെ വാറണ്ടി നല്കിയിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ നിന്നും രേഖകൾ, രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ആകെ എത്ര ഹൈമാസ്റ്റ് ഉണ്ടെന്നോ, ഓരോ പോസ്റ്റിലും എത്ര വിളക്കുകൾ ഘടിപ്പിച്ചിട്ടുണ്ടെന്നോ ഇതിൽ തൻവർഷമോ മുൻവർഷങ്ങളിലോ മെയിന്റനൻസ് നടത്തിയവ ഏതൊക്കെയാണന്നോ വ്യക്തമല്ല. പോസ്റ്റുകൾക്കും വിളക്കുകൾക്കും തിരിച്ചറിയാനാകും വിധം നമ്പർ നല്കിയിട്ടുള്ളതും ഓരോ വിളക്കിന്റേയും വാറണ്ടി രേഖപ്പെടുത്തിയിട്ടുള്ളതുമായ രജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല.

2) കേടായ വിളക്കുകൾ സ്ഥാപിച്ച സ്ഥാപനം, വർഷം, നിലവിലും വാറണ്ടി കാലയളവിലാണോ എന്നീ വിവരങ്ങളും ലഭ്യമല്ല.

3) ജില്ലാ പഞ്ചായത്ത് ഇല്ട്രിക്കൽ വിഭാഗത്തിന്റെ അനുമതിയോടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതായി കാണുന്നില്ല.

4) മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കാതെ കേരള ഇല്ക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിർവ്വഹണ ഏജൻസിയാക്കിയതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല. 28.04.21 ലെ സർക്കാർ ഉത്തരവ് നം.67/2021/Fin, 02.09.22ലെ സർക്കാർ ഉത്തരവ് നം.104/22/Fin എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനോ മെയിന്റനൻസ് നടത്തുന്നതിനോളള്ള അക്രഡിറ്റഡ് ഏജൻസിയായി ഈ സ്ഥാപനത്തെ നിശ്ചയിച്ചു കാണുന്നില്ല. ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ മേഖലയിലെ പവ്വർ ജനറേഷൻ, പ്ലാന്റ് & എകപ്മെന്റ് വിഭാഗങ്ങളിലെ പ്രവൃത്തികൾക്കായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി പ്രവർത്തിക്കുന്നതിനുള്ള അനുമതി/ അക്രഡിറ്റേഷൻ മാത്രമാണ് നല്കിയിട്ടുള്ളത്.

5) സ്ഥാപനം നടത്തിയ പ്രവൃത്തികൾ സൂപ്പർവൈസ് ചെയ്ത് ചെക്ക് മെഷർ ചെയ്ത് പൂർത്തീകരണം സാക്ഷ്യപ്പെടുത്താതെയാണ് തുക അനുവദിച്ച് നല്കിയിട്ടുള്ളത്.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇത്തരത്തിലെ അപാകതകൾ നിലനില്ക്കുന്നതിനാൽ ₹4,90,413/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു അപാകതകൾക്കുള്ള വിശദീകരണം ലഭ്യമാക്കേണ്ടതും അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.28/19.07.25

1-37 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- നടപടിക്രമങ്ങളിൽ സുതാര്യതയില്ല

(I)

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് നം	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (202/25) – സ്റ്റിൽ ഓവർ പ്രോജക്ട്
അടങ്കൽ തുക	57,50,000/-രൂപ
ചെലവഴിച്ച തുക	₹22,43,100/- (C F C Fund) (₹17,00,000/- – P9/23.07.24 ₹5,43,100/- -P10/23.07.24)

	(₹334040/-ടെ മുൻവർഷച്ചെലവ് 2023-24 ഓഡിറ്റ് റിപ്പോർട്ട് ഖ.1-24 കാണുക)

23 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ 7 വാർഡുകളിൽ ഓരോ മിനിമാസ്റ്റുലൈറ്റും (@ 2,48,300/-/Unit) ശേഷിക്കുന്ന 16 വാർഡുകളിൽ നിലവിലുള്ള തെരുവുവിളക്കു പോസ്റ്റുകളിൽ ഓരോന്നിലും 100 വാട്ടിന്റെ 3 എൽ.ഇ.ഡി.ലൈറ്റ് ഫിറ്റ് ചെയ്ത് (ഒരു വാർഡിൽ 6 എണ്ണം വീതം) (39990/-/Unit) 16 വാർഡുകളിലായി 96 എണ്ണവും KEL, കുണ്ടറ എന്ന സ്ഥാപനം വഴി സ്ഥാപിക്കുന്നതായിരുന്നു പദ്ധതി. പദ്ധതി നടത്തിപ്പ് വിവരം ചുവടെ ചേർക്കുന്നു.

മേൽ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിൽ 13, 15, 16, 17, 18, 19, 20 എന്നീ 7 വാർഡുകളിൽ 2,48,300/-രൂപ നിരക്കിൽ (8m ഒക്ടഗണൽ പോളിൽ 150 വാട്ട്സിന്റെ 6 എൽ.ഇ.ഡി വീതം) 7 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും 17,38,100/-രൂപയും (7x248300) ശേഷിക്കുന്ന 16 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ നിലവിലുള്ള ഭാഗത്ത് നിലവിലുള്ള ഇലക്ട്രിക് പോസ്റ്റിൽ 100 വാട്ട്സിന്റെ 3 എൽ.ഇ.ഡി.ലൈറ്റ് വീതം (ഒരു പോസ്റ്റിൽ 3എണ്ണം വീതം) ഒരു വാർഡിൽ 6 ഇലക്ട്രിക് പോസ്റ്റിൽ (ആകെ 96 എണ്ണം) സ്ഥാപിക്കുന്നതിന് ഒരു യുണിറ്റിന് 39,990/- രൂപ വീതം (16x6x39990) 38,39,040/-രൂപയും ഉൾപ്പെടെ ആകെ 55,77,140/-രൂപ (2024-25 ലെ സ്റ്റിൽഓവർ ഉൾപ്പെടെ) ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിക്കാതെ KEL, കുണ്ടറ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു പദ്ധതി നടപ്പിലാക്കിയിരിക്കുകയാണ്. ടെണ്ടർ നടപടികൾ നടത്താതെ KELനെ തെരഞ്ഞെടുത്തതിന് വിശദീകരണവും KELൽ നിന്നും നേരിട്ട് സ്ഥാപിക്കാമെന്നത് സംബന്ധിച്ച സർക്കാർ ഉത്തരവും ഹാജരാക്കിയിട്ടില്ല. 28.04.21 ലെ സർക്കാർ ഉത്തരവ് നം.67/2021/Fin, 02.09.22ലെ സർക്കാർ ഉത്തരവ് നം.104/22/Fin എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾ / മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനോ മെയിന്റനൻസ് നടത്തുന്നതിനോടുള്ള അക്രഡിറ്റഡ് ഏജൻസിയായി ഈ സ്ഥാപനത്തെ നിശ്ചയിച്ചുകാണുന്നില്ല. ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ മേഖലയിലെ പവ്വർ ജനറേഷൻ, പ്ലാന്റ് & എക്വിപ്മെന്റ് വിഭാഗങ്ങളിലെ പ്രവൃത്തികൾക്കായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി പ്രവർത്തിക്കുന്നതിനുള്ള അനുമതി / അക്രഡിറ്റേഷൻ മാത്രമാണ് നല്കിയിട്ടുള്ളത്.

പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. ഹൈമാസ്റ്റ് , മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതു് സംബന്ധിച്ച സർക്കാരിന്റെ പൊതുമാർഗ്ഗരേഖ ഉത്തരവ് നം.27/2017/Fin 26.02.17 പ്രകാരം പ്രസ്തുത പ്രവൃത്തികൾക്കായി അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കേണ്ടതില്ലായെന്നും ടെണ്ടർ നടപടികൾ മുഖേന പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം തെരഞ്ഞെടുക്കുന്നതിന് മുൻപ് കെഎസ് ഇബി യിൽ നിന്നുള്ള അനുയോജ്യതാ സാക്ഷ്യപത്രം , നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണ്. കൂടാതെ വിളക്കുകൾക്ക് മൂന്നുവർഷത്തെ വാറണ്ടി, മൂന്ന് വർഷത്തെ മെയിന്റനൻസ് കോൺട്രാക്റ്റ് എന്നിവ ടെണ്ടറിൽ ഉറപ്പുവരുത്തേണ്ടതുണ്ട്.

മിനി മാസ്റ്റ് സ്ഥാപിക്കുന്നനതിനുള്ള സ്ഥാനം, എൽ ഇ ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പോസ്റ്റുകൾ തെരഞ്ഞെടുത്തതിന് ശേഷം അതാത് സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ ബൾബുകളുടെ എണ്ണം, ബൾബുകളുടെ കപ്പാസിറ്റി മുതലായവ നിശ്ചയിക്കുവാനെന്നുള്ളതിനാൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങൾ, ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടു് കെ.എസ്.ഇ.ബിയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല.

3. നിലവിൽ പ്രസ്തുത സ്ഥലങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന തെരുവുവിളക്കുകൾ റദ്ദാക്കിയതിന്റെ വിവരവും ബിൽ തുക കുറവ് ചെയ്തതിന്റെ വിവരവും ലഭ്യമാക്കിയില്ല.

4. 100 വാട്ടിന്റെ 3 എൽ.ഇ.ഡി ലൈറ്റുകൾ ഒരുമിച്ച് സാധാരണ തെരുവു വിളക്ക് പോളിൽ സ്ഥാപിക്കുന്നതിന്റെ പ്രായോഗികത സംബന്ധിച്ചു നടത്തിയ സാങ്കേതിക പഠന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

5. പ്രവൃത്തി പൂർത്തീകരിച്ച ശേഷം നിർവ്വഹണ ഏജൻസിക്ക് തുക നൽകുന്നതിനാധാരമാക്കിയ മെഷർമെന്റിൽ എത്തിച്ചേർന്നതിന്റെയും അനുയോജ്യമായ സ്പെസിഫിക്കേഷനുകളോടു കൂടിയ ഉപകരണങ്ങളാണ് (കംപോണന്റ്സ്, അക്സസ്സറീസ്) സ്ഥാപിച്ചിട്ടുള്ളതെന്ന് ഉറപ്പുവരുത്തിയിട്ടുള്ളതിന്റെയും തുക നല്കിയതിന് ആധാരമാക്കിയ മെഷർമെന്റ് രേഖകളും ഹാജരാക്കിയിട്ടില്ല. ക്ഷമതയുള്ള ഏജൻസിയുടെ സാക്ഷ്യപ്പെടുത്തൽ ലഭ്യമല്ല.

7. മൂന്ന് വർഷം വാറണ്ടിയുള്ള ലൈറ്റുകൾ സ്ഥാപിച്ചപ്പോൾ ആയതിന്റെ വിശദാംങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് വരുന്ന സാഹചര്യത്തിൽ അധികച്ചെലവ് ഉണ്ടാകില്ലായെന്ന് ഉറപ്പുവരുത്താൻ സാധിക്കില്ല.
മേൽക്കാരണങ്ങളാൽ പ്രോജക്ടിനായുള്ള ₹22,43,100/ - ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻകയറി നം.-31/19.07.25
തടസ്സപ്പെടുത്തുന്ന തുക – ₹22,43,100/-

(Ii) പ്രോജക്ട് നം.196/25 പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിന്റെ കൊല്ലക, പനയന്നാർകാവ്, പന്മന വാർഡുകളിൽ വികസന ഫണ്ട് (എസ് സി പി) വിനിയോഗിച്ച് 18 കെ എസ് ഇ ബി പോസ്റ്റുകളിലായി (ഒരു പോസ്റ്റിൽ മൂന്ന് 100 W എൽ ഇ ഡി) എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കേരള ഇല്ക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കുണ്ടറ (കെ ഇ എൽ) എന്ന സ്ഥാപനമാണ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. ചെലവ് തുക ₹7,19,820/- (ബിൽ നം.12/30.11.24)

സ്ഥാപിച്ച വിളക്കുകൾക്ക് സ്ഥാപനം മൂന്ന് വർഷത്തെ വാറണ്ടി നല്കിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിക്കാതെ KEL, കുണ്ടറ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു പദ്ധതി നടപ്പിലാക്കിയിരിക്കുകയാണ്. ടെണ്ടർ നടപടികൾ നടത്താതെ KELനെ തെരഞ്ഞെടുത്തതിന് വിശദീകരണവും KELൽ നിന്നും നേരിട്ട് സ്ഥാപിക്കാമെന്നത് സംബന്ധിച്ച സർക്കാർ ഉത്തരവും ഹാജരാക്കിയിട്ടില്ല. പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. എൽ ഇ ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പോസ്റ്റുകൾ തെരഞ്ഞെടുത്തതിന് ശേഷം അതാത് സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ ബൾബുകളുടെ എണ്ണം, ബൾബുകളുടെ കപ്പാസിറ്റി മുതലായവ നിശ്ചയിക്കുവാനെന്നുള്ളതിനാൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങൾ, ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടു കെ.എസ്.ഇ.ബിയിൽ

നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല.

3. നിലവിൽ പ്രസ്തുത സ്ഥലങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന തെരുവുവിളക്കുകൾ റദ്ദാക്കിയതിന്റെ വിവരവും ബിൽ തുക കുറവ് ചെയ്തതിന്റെ വിവരവും ലഭ്യമാക്കിയില്ല.

4. 100 വാട്ടിന്റെ 3 എൽ.ഇ.ഡി ലൈറ്റുകൾ ഒരുമിച്ച് സാധാരണ തെരുവു വിളക്ക് പോളിൽ സ്ഥാപിക്കുന്നതിന്റെ പ്രായോഗികത സംബന്ധിച്ചു നടത്തിയ സാങ്കേതിക പഠന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

5. പ്രവൃത്തി പൂർത്തീകരിച്ച ശേഷം നിർവ്വഹണ ഏജൻസിക്ക് തുക നൽകുന്നതിനാധാരമാക്കിയ മെഷർമെന്റിൽ എത്തിച്ചേർന്നതിന്റെയും അനുയോജ്യമായ സ്പെസിഫിക്കേഷനുകളോടു കൂടിയ ഉപകരണങ്ങളാണ് (കംപോണന്റ്സ്, അക്സസ്സറീസ്) സ്ഥാപിച്ചിട്ടുള്ളതെന്ന് ഉറപ്പുവരുത്തിയിട്ടുള്ളതിന്റെയും തുക നല്കിയതിന് ആധാരമാക്കിയ മെഷർമെന്റ് രേഖകളും ഹാജരാക്കിയിട്ടില്ല. ക്ഷമതയുള്ള ഏജൻസിയുടെ സാക്ഷ്യപ്പെടുത്തൽ ലഭ്യമല്ല.

7. മൂന്ന് വർഷം വാറണ്ടിയുള്ള ലൈറ്റുകൾ സ്ഥാപിച്ചപ്പോൾ ആയതിന്റെ വിശദാംങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് വരുന്ന സാഹചര്യത്തിൽ അധികച്ചെലവ് ഉണ്ടാകില്ലായെന്ന് ഉറപ്പുവരുത്താൻ സാധിക്കില്ല.

മേൽക്കാരണങ്ങളാൽ പ്രോജക്ടിനായി നടത്തിയ ₹7,19,820/ - ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻകുയറിനം-8/19.07.25
തടസ്സപ്പെടുത്തുന്ന തുക – ₹7,19,820/-

(Iii)

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് നം	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (144/25) , (146/25)
ചെലവഴിച്ച തുക	പ്രോജക്ട് നം.144/25 ₹1,24,131/- -- തനത് ഫണ്ട് ചെക്ക് നം.250/30.03.25 പ്രോജക്ട് നം.146/25 ₹2,45,698/-വികസന ഫണ്ട് (എസ് സി പി) ബിൽ നം.23/22.03.25

മേൽ പ്രോജക്ടുകൾ പ്രകാരം രണ്ടു വാർഡുകളിലായി മൂന്ന് മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കേരള ഇല്ക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കുണ്ടറ (കെ ഇ എൽ) എന്ന സ്ഥാപനമാണ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. സ്ഥാപിച്ച വിളക്കുകൾക്ക് സ്ഥാപനം മൂന്ന് വർഷത്തെ വാറണ്ടി നല്കിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 28.04.21 ലെ സർക്കാർ ഉത്തരവ് നം.67/2021/Fin, 02.09.22ലെ സർക്കാർ ഉത്തരവ് നം.104/22/Fin എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾ/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനോ മെയിന്റനൻസ് നടത്തുന്നതിനോ ഉള്ള അക്രഡിറ്റഡ് ഏജൻസിയായി ഈ സ്ഥാപനത്തെ നിശ്ചയിച്ചു കാണുന്നില്ല. ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ മേഖലയിലെ പവ്വർ ജനറേഷൻ, പ്ലാന്റ് & എകിപ്മെന്റ് വിഭാഗങ്ങളിലെ പ്രവൃത്തികൾക്കായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി പ്രവർത്തിക്കുന്നതിനുള്ള അനുമതി/അക്രഡിറ്റേഷൻ മാത്രമാണ് നല്കിയിട്ടുള്ളത്.

പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതു് സംബന്ധിച്ച സർക്കാരിന്റെ പൊതുമാർഗ്ഗരേഖ ഉത്തരവ് നം.27/2017/Fin 26.02.17 പ്രകാരം പ്രസ്തുത പ്രവൃത്തികൾക്കായി അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കേണ്ടതില്ലായെന്നും ടെണ്ടർ നടപടികൾ മുഖേന പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം തെരഞ്ഞെടുക്കുന്നതിന് മുൻപ് കെഎസ് ഇബി യിൽ നിന്നുള്ള അനുയോജ്യതാ സാക്ഷ്യപത്രം, നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണ്. കൂടാതെ വിളക്കുകൾക്ക് മൂന്നുവർഷത്തെ വാറണ്ടി, മൂന്ന് വർഷത്തെ മെയിന്റനൻസ് കോൺട്രാക്റ്റ് എന്നിവ ടെണ്ടറിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രേഖകൾ ഫയലിൽ ലഭ്യമല്ല.

2. പ്രവൃത്തി പൂർത്തീകരിച്ച ശേഷം നിർവ്വഹണ ഏജൻസിക്ക് തുക നൽകുന്നതിനാധാരമാക്കിയ മെഷർമെന്റിൽ എത്തിച്ചേർന്നതിന്റെയും അനുയോജ്യമായ സ്പെസിഫിക്കേഷനുകളോടു കൂടിയ ഉപകരണങ്ങളാണ് (കംപോണന്റ്സ്, അക്സസ്സറീസ്) സ്ഥാപിച്ചിട്ടുള്ളതെന്ന്

ഉറപ്പുവരുത്തിയിട്ടുള്ളതിന്റെയും തുക നല്കിയതിന് ആധാരമാക്കിയ മെഷർമെന്റ് രേഖകളും ഹാജരാക്കിയിട്ടില്ല. ക്ഷമതയുള്ള ഏജൻസിയുടെ സാക്ഷ്യപ്പെടുത്തൽ ലഭ്യമല്ല.

3. മൂന്ന് വർഷം വാറണ്ടിയുള്ള ലൈറ്റുകൾ സ്ഥാപിച്ചപ്പോൾ ആയതിന്റെ വിശദാംങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് വരുന്ന സാഹചര്യത്തിൽ അധികച്ചെലവ് ഉണ്ടാകില്ലായെന്ന് ഉറപ്പുവരുത്താൻ സാധിക്കില്ല.

മേൽക്കാരണങ്ങളാൽ പ്രോജക്കുകൾക്കായി നടത്തിയ ₹1,24,131/-, ₹2,45,698/- ചെലവ് തടസ്സപ്പെടുത്തുന്നു.

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻകെയറിനം-28/19.07.25
തടസ്സപ്പെടുത്തുന്ന തുക – 3,69,829/-

1-38 പള്ളിക്കലാർ -വട്ടക്കായൽ നവീകരണം പ്രോജക്ട് നാളിതുവരെ നടപ്പിലായിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് നം , പേര് ചെലവഴിച്ച തുക	1) പള്ളിക്കലാർ-- വട്ടക്കായൽ നവീകരണം 290/25 -നഗര സഞ്ചയ ഫണ്ട് ₹10,00,000/- (ചെക്ക് നം.213410/10.09.24) 2) പള്ളിക്കലാർ-- വട്ടക്കായൽ നവീകരണം 286/25 – സിഎഫ് സി ഫണ്ട്. ₹2,67,850/- (P3/09.07.24)

വട്ടക്കായൽ - പള്ളിക്കലാർ നവീകരിച്ച് പായൽ വാരി വൃത്തിയാക്കുന്ന പ്രവൃത്തി മൈനർ ഇറിഗേഷൻ വകുപ്പു വഴി നടപ്പിലാക്കുന്നതായിരുന്നു പ്രോജക്ട്. പള്ളിക്കലാറിന്റെ ചാമ്പക്കടവു പാലം മുതൽ കോവിൽത്തോട്ടം സ്കൂൾ വരെയുള്ള പന്മന പഞ്ചായത്തിലുൾപ്പെട്ട

പ്രദേശത്തെ കുളവാഴ നീക്കം ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് പ്രകാരമാണ് മൈനർ ഇറിഗേഷൻ വകുപ്പിൽ തുക ഒടുക്കു വരുത്തിയിട്ടുള്ളത്. പഞ്ചായത്തിലെ അതിർത്തി വാർഡുകളായ 1, 2, 3, 4, 17, 19, 21, 22, 23 എന്നീ വാർഡുകളുടെ അതിർത്തിയിലൂടെ കടന്നു പോകുന്ന വട്ടക്കായൽ പള്ളിക്കലാറിന്റെ 205810 Sq.M Area യിലെ കുളവാഴ നീക്കം ചെയ്യുന്നതിനാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്.

മുൻ സാമ്പത്തിക വർഷം രണ്ടു പ്രോജക്ടുകൾക്കായി ₹24,10,650/- മൈനർ ഇറിഗേഷൻ വകുപ്പിൽ നിക്ഷേപിച്ചുവെങ്കിലും (പ്രോ നം.62/24, പ്രോ നം.192/24)

പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

മൈനർ ഇറിഗേഷൻ വകുപ്പിൽ നിക്ഷേപിച്ച് നടപ്പിലാക്കുന്ന മേൽ പദ്ധതിയ്ക്കായി 2024-25 വർഷം രണ്ടു പ്രോജക്ടുകൾ പ്രകാരം നിക്ഷേപിച്ച ₹12,67,850/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തുകയുടെ വിനിയോഗം, പ്രോജക്ട് പൂർത്തീകരണ രേഖകൾ, ഫൈനൽ ബിൽ പകർപ്പ് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻകപയറി നം- 27/19.07.25
തടസ്സപ്പെടുത്തുന്ന തുക- ₹12,67,850/-

1-39 ജൽജീവൻ മിഷൻ അവലോകനം

എല്ലാ ഗ്രാമീണ ഭവനങ്ങളിലേക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക എന്നതോടൊപ്പം ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ജൽജീവൻ മിഷൻ - കേരളം ജൽ ജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ ജലജീവൻ പദ്ധതി വിഹിതമായി ഗ്രാമപഞ്ചായത്തിന്റെ ആക്ഷൻ പ്ലാൻ പ്രകാരം ഒടുക്കേണ്ട 15% സ്ഥാപനവിഹിതവും, 10% ഗുണഭോക്തൃവിഹിതവും ഗ്രാമപഞ്ചായത്ത് 2020-21 മുതൽ തൻ വർഷം വരെ ഒടുക്കിയിട്ടില്ല. 2021-22 സാമ്പത്തിക വർഷം മുതൽ തൻവർഷം വരെ പ്രോജക്ടുകൾ വിഭാവനം ചെയ്തിരുന്നെങ്കിലും നാളിതുവരെ ഗുണഭോക്തൃവിഹിതം പിരിച്ചടുക്കുകയോ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

കൂടാതെ എം.എൽ.എ യുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ജലജീവൻ മിഷൻ പദ്ധതിയ്ക്കായി തുക ലഭിച്ചിട്ടില്ല/ചെലവഴിച്ചിട്ടില്ല.
എൻകെയറി 8/2025 തീയതി-25/06/25

1-40 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2021-22 സാമ്പത്തിക വർഷം മുതൽ ഹെൽത്ത്-ഗ്രാന്റ് അനുവദിച്ചുവരുന്നു. 2025-2026 കാലയളവ് വരെയാണ് ഇപ്രകാരം ഗ്രാന്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ് ₹				**ആകെ ₹**	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് ₹				**ആകെ ₹**	ബാലൻസ്
		2021-2022	2022-2023	2023-2024	2024-25		2021-2022	2022-2023	2023-2024	2024-2025		
1	Support For Diagnostic	-	564272	1399000	584000	2547272	-	564272	1384784	0	1949056	598216

	Infrastructure											
2	Grant For Rural Health & Wellness Centres	-	345825	556000	886000	1787825	-	345825	555757	0	901582	886243
3	Construction Of Building To Health Sub Centres	-	-	-	-	-	-	-	-	-	-	-
	ആകെ	-	910097	1955000	1470000	4335097	0	910097	1940541	0	28,50,638	1484459

Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തുക ഉപയോഗിച്ച് സ്കീം-3 പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	ചെലവഴിച്ച തുക ₹				ആകെ ₹
		2021-2022	2022-2023	2023-2024	2024-2025	
1	ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.	-	-	-	-	-
2	ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക.	-	949997	291932	-	386929
3	ഉപകരണങ്ങൾ, കിറ്റുകൾ, റീ ഏജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.	-	284532	-	-	284532
	ആകെ	-	1234529	291932	-	671461

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	ചെലവഴിച്ച തുക ₹				ആകെ ₹
		2021-2022	2022-2023	2023-2024	2024-25	
1	പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ.	-	-	23000	-	23000
2	ഇന്റർനെറ്റ് ചാർജ്	-	12798	-	-	12798
3	ബോധവൽക്കരണ ക്ലാസ്സുകൾ	-	-	-	-	-
4	ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം	-	-	-	-	-
5	ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക	-	227037	26000	-	253037
	ആകെ	-	239835	26000		265835

2021-2026 കാലയളവിലേക്കാണ് ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. അതത് വർഷം അനുവദിക്കുന്ന ഗ്രാന്റ് തുക ഫലപ്രദമായും പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ആരോഗ്യവിദ്യാഭ്യാസ സ്ഥിരം സമിതിയുടേയും പഞ്ചായത്ത് ഭരണ സമിതിയുടേയും ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് ഒടുക്ക് സംബന്ധിച്ച്

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷം	ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്
2024 ഏപ്രിൽ	22	11000/-	0	
2024 മെയ്	22	11000/-	0	
2024 ജൂൺ	20	10000/-	0	
2024 ജൂലൈ	20	10000/-	0	
2024 ആഗസ്റ്റ്	20	10000/-	0	
2024 സെപ്റ്റംബർ	22	11000/-	0	
2024 ഒക്റ്റോബർ	21	10500/-	0	

2024 നവംബർ	21	10500/-	0	
2024 ഡിസംബർ	21	10500/-	0	
2025 ജനുവരി	20	10000/-	0	
2025 ഫെബ്രുവരി	20	10000/-	0	
2025 മാർച്ച്	21	10500/-	0	

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-24മുതൽ 30-6-24-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22മുതൽ അല്ലെങ്കിൽ 7/23മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല					

3.മെഡിസെപ്പ് പ്രീമിയം ഒടുക്ക്(1/7/24മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(7/22മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല				

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/8/24മുതൽ 31/3/25നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്

		തുക (7/22മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ			
1. ഫാത്തിമ.എ	2025 ഫെബ്രുവരി	100 (2025 ഫെബ്രുവരി, 2025 മാർച്ച്)	1000	0	
2. അൻവർ.എസ്.എം	2025 മാർച്ച്	500 (2025 മാർച്ച്)	500	0	

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	14-07-2025,15.07.25.	കെ.എസ്.എ.കെ.എൽ.എം.പി.2/1632/2025 തീയതി 18.09.2025

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	450000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	450000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	100000	അങ്കണവാടി പോഷകാഹാര വിതരണ പരിപാടി	100000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	500000	പടിക്കൽ മുക്ക് മോഴിശ്ശേരി കടവ് റോഡ് പുനരുദ്ധാരണം വാർഡ് 21	500000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	294382	പാലിന് സബ്സിഡി	294382	0

ജില്ലാ പഞ്ചായത്ത്	2024-25	270000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	270000	0
ജില്ലാ പഞ്ചായത്ത്	2024-25	58750	അങ്കണവാടി പോഷകാഹാര വിതരണ പരിപാടി	58750	0
ജില്ലാ പഞ്ചായത്ത്	2024-25	1320000	ലൈഫ് പദ്ധതി ഭവന നിർമ്മാണ പദ്ധതി	1320000	0
ജില്ലാ പഞ്ചായത്ത്	2024-25	15654	പന്മന ടൈറ്റാനിയം ജം താമള കിഴക്കുവശം ഓടയും സ്ലാബും കരാറുകാരന് ജില്ലാ പഞ്ചായത്ത് വിഹിതം തുക നൽകൽ	15654	0

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെപേര്	മുൻകൂർ നൽകിയ തുക (രൂപ)	വൌച്ചർ നം/ചെക്ക് നം	ചെലവഴിച്ച തുക (രൂപ)	ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ)
തീരദേശവികസന കോർപ്പറേഷൻ	കിഴക്കേകെണ്ണക്കോട്ട് ചിറ്റാഴത്ത് കുളം നവീകരണം	1360000	213659/4.1.25	0	1360000/-
കേരള സംസ്ഥാന വൈദ്യുതി ബോർഡ്	സ്ട്രീറ്റ് മെയിൻ വലിക്കൽ	255980	42400879/9.10..24	255980	0
ഇറിഗേഷൻ സബ് ഡിവിഷൻ	പള്ളിക്കലാർ വട്ടക്കായൽ പുനരുദ്ധാരണം	1267850	42400382/10.7.24		1267850

കേരള സംസ്ഥാന വൈദ്യുതി ബോർഡ്	പോസ്റ്റ് മാറ്റി വക്കൽ	351422/-	42401724/11.3.25	351422	0

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-6 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3969000/- രൂപ വരവുണ്ട്. മുൻബാക്കി* 1336635/- രൂപയടക്കം 5305635./- രൂപയിൽ 5731000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്	ഉത്തരവ് വായ്പ തുക നമ്പർ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച് തുക		വർഷാവസാനം തിരിച്ചടയക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	സ.ഉ49/2022/ എൽഎസ്.ജി.ഡി തീയതി 19/3/22	3969000	46259210*	4877782		45350428

*ഹാജരാക്കിയ ലോൺ രജിസ്റ്റർ, സാക്ഷ്യപ്പെടുത്തി നല്കിയ കണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആണ് മുൻബാക്കി ചേർത്തിട്ടുള്ളത്. ലോൺ വിനിയോഗബാക്കി നിലവിൽ നെഗറ്റീവ് ആണ്.

*വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുകയിൽ ഉൾപ്പെട്ടിരുന്ന മുൻവർഷ പലിശ തുക136842/- രൂപ 31.3.25ൽ ജേർണൽ ചെയ്തു മാറ്റി ഹെഡ് കറക്ഷൻ വരുത്തിയിട്ടുണ്ട്. രേഖകൾ ഹാജരാക്കിയിട്ടില്ല

4-7 സ്ഥിരനിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	1,76,91,586/-
തൻവർഷം നിക്ഷേപിച്ച തുക	-
ആകെ	1,76,91,586/-
തന്നാണ്ടിൽ പിൻവലിച്ച തുക	-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	1,76,91,586/-

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമനം	സ്ഥാപനത്തിന്റെ പേര് (ബാങ്ക്)	നിക്ഷേപിച്ച തിയതി	കാലയളവ്	തുക
1	കേരളബാങ്ക്	8.5,24	1 വർഷം	1987806
2		15.8.24	1വർഷം	3451914
3		17.8.24	1 വർഷം	3427830
4		.8.5.24	1 വർഷം	3277318
5		31.5.24	1 വർഷം	5546718
ആകെ				1,76,91,586/

4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 103289/- രൂപയുടെ വിശദാംശങ്ങൾ.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയതുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ	തീയ്യതി
2023-24	3-2	10000	വി.ഇ.ഒ, ഇടപ്പള്ളിക്കോട്ട	1240104298	19/12/2024
2023-24	3-2	40000	വി.ഇ.ഒ, ഇടപ്പള്ളിക്കോട്ട	1240105072	10/01/2025
2023-24	2	289	റഫ്ന, ക്ലാർക്ക്	1240103195	25/11/2024
2023-24	3-2	50000	സുധ, രതീഷ് ഭവനം	1240103431	02/12/2024
2020-21	3.4	3000	സജീവ്	1240104002	11/12/24

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
പ്രവർത്തനാവലോകന റിപ്പോർട്ട്	-	2014-15	4-1-10	2003-04 ൽ 3,36,439/-രൂപ ചെലവഴിച്ചു നിർമ്മിച്ച പകൽവീട്, 04-05 ൽ 1,19,740/-രൂപ വിനിയോഗിച്ചു നിർമ്മിച്ച വൃദ്ധസദനം എന്നിവ ബഡ്സ് സ്കൂളുകളാക്കി മാറ്റിയിരിക്കുന്നു.	പരാമർശം നിലനിൽക്കുന്നു.
2015-16	2-5	2016-17	അനുബന്ധം 5	തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു.
2019-20	1-20	2020-21		പ്രമേഹ രോഗികൾക്ക് ആവശ്യമായ മരുന്ന് വിതരണം	പരാമർശം നിലനിൽക്കുന്നു.

4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവര

ഇല്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) പന്മന ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല.
(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും
1-17	196279	ഡോ.ബിന്ദു.പി,മെഡിക്കൽ ഓഫീസർ ഹോമിയോ
1-18	7088	ഡോ.ബിന്ദു.കെ.ആർ,മെഡിക്കൽ ഓഫീസർ ആയുർവേദ
1-19	991833	ഡോ.ശശി.എം.ഡി,മെഡിക്കൽ ഓഫീസർ, ചവറ പി.എച്ച്.സി
1-21	50000	ശ്രീമതി.ധന്യ വിഐ.സി.ഡി.എസ് സൂപ്പർവൈസർ
1-31	280000/-	ശ്രീ .ചെറിയാൻ ജോർജ്ജ്,സെക്രട്ടറി
1-32	1360000	ശ്രീ .ചെറിയാൻ ജോർജ്ജ്,സെക്രട്ടറി
1-33	525000/-	ശ്രീ പത്മകുമാർ വി ഇ ഒ
1-35	490413	ശ്രീ .ചെറിയാൻ ജോർജ്ജ്,സെക്രട്ടറി
1-36(I)	2243100	ശ്രീമതി.റോഷി സിസിലിയ,,സെക്രട്ടറി സെക്രട്ടറി ഇൻചാർജ്ജ്
1-36(Ii)	719820	ശ്രീ .ചെറിയാൻ ജോർജ്ജ്,സെക്രട്ടറി
1-36(Iii)	369829	ശ്രീ .ചെറിയാൻ ജോർജ്ജ്,സെക്രട്ടറി
1-37	1267850	ശ്രീമതി.റോഷി സിസിലിയ,,സെക്രട്ടറി ഇൻചാർജ്ജ്
ആകെ	8501212/- രൂപ	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല.
(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും/ ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ചെറിയാൻ ജോർജ്ജ്	സെക്രട്ടറി	ലതികാ ഭവനം, കല്ലേലിഭാഗം പി.ഒ, കരുനാഗപ്പള്ളി 690519 ഫോൺ-9446323381 Cheriyankpy@Gmail.Com
ശ്രീ . പത്മകുമാർ വി ഇ ഒ	വി ഇ ഒ, പന്മന ഗ്രാമപഞ്ചായത്ത്	ശ്രീഭവനം, കളരി, പന്മന, ഫോൺ-8281425767
ശ്രീമതി. ധന്യ വി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	നാരായണമന്ദിരം ,തെക്കേവിള പി.ഓ,കൊല്ലം-691606
ഡോ. ശശി.എം.ഡി	മെഡിക്കൽ ഓഫീസർ, ചവറ പി.എച്ച്.സി	റ്റി,സി.14/379,എസ്.കെ.ഭവൻ, ബേക്കറി ജംഗ്ഷൻ , വികാസ് ഭവൻ.
ഡോ. ബിന്ദു.പി	മെഡിക്കൽ ഓഫീസർ,ഹോമിയോ	റ്റി.സി 68/1201/1, നീലാംബരി 82 B, ഗംഗാനഗർ, വള്ളക്കടവ് തിരുവനന്തപുരം-8 9446519750 Mail- Drbindutvm@Yahoo.Com
ഡോ. ബിന്ദു.കെ.ആർ	മെഡിക്കൽ ഓഫീസർ ആയുർവേദ	റ്റി.സി 68/1201/1, നീലാംബരി 82 B, ഗംഗാനഗർ, വള്ളക്കടവ് തിരുവനന്തപുരം-8

ശ്രീമതി. റോഷി സിസിലിയ	അസിസ്റ്റന്റ് സെക്രട്ടറി , പന്മന ഗ്രാമപഞ്ചായത്ത്, ഇടപ്പള്ളിക്കോട്ട	ജിതിൻ കോട്ടേജ് കഴ്സൺ നഗർ,റ്റി.ഡി നഗർ കച്ചേരി പി ഒ 691013 9961490821 Mail-Roshyshaji33@Gmail.Com

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	കെ.എസ്.എ.കെ.എൽ.എം./പി2-367/18/10.4.18	26
1998-99	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	10
1999-00	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	9
2000-01	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	2
2001-02	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	8
2002-03	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	4
2003-04	കെ.എസ്.എ.കെ.എൽ.എം./പി2-367/18/10.4.18	2
2004-05	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	5
2005-06	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	10
2006-07	കെ.എസ്.എ.കെ.എൽ.എം./പി2-778(1)/2019/07-06-19	9

2007-08	കെ.എസ്.എ.കെ.എൽ.എം./പി2-778(2)/2019/07-06-19	11
2008-09	കെ.എസ്.എ.കെ.എൽ.എം. /പി2-778(3)/2019/07-06-19	2
2009-10 & 2010-11	കെ.എസ്.എ.കെ.എൽ.എം./പി2-778 (4)/2019/07-06-19	9
2011-12	കെ.എസ്.എ.കെ.എൽ.എം./പി2/അദാലത്ത് 2011-12/369/22/ 20.08.22	3
2012-13	കെ.എസ്.എ.കെ.എൽ.എം./പി2/അദാലത്ത് 2012-13/369/22/ 20.08.22	10
2013-14 & 2014-15	കെ.എസ്.എ.കെ.എൽ.എം./പി2/അദാലത്ത് 2013-14, 2014-15/369/22/ 20.08.22	6
2015-2016	കെ.എസ്.എ.കെ.എൽ.എം./പി2/അദാലത്ത് 2015-16/369/22/ 20.08.22	3
2016-2017	കെ.എസ്.എ.കെ.എൽ.എം./പി2-1525/19/11.12.2019	12
2017-18	കെ.എസ്.എ.കെ.എൽ.എം./പി2-878/19/ 24.01.18	15
2018-19	കെ.എസ്.എ.കെ.എൽ.എം./പി2-1397/19/ 11.06.2020	12
2019-20	കെ.എസ്.എ.കെ.എൽ.എം./പി2-450/2020-21 (1)/30.08.22	15
2020-21	കെ.എസ്.എ.കെ.എൽ.എം./പി2-1323/2022/27.07.2022	32
2021-22	കെ.എസ്.എ.കെ.എൽ.എം./പി2-2273/2022/29.03.2023	30
2022-23	കെ.എസ്.എ.കെ.എൽ.എം./പി2-1431 /2023/08/09/2023	34
2023-24	കെ.എസ്.എ.കെ.എൽ.എം./പി2/2201/24/10/12/24	39

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 11-06-2025 and submitted on 18-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Panmana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Panmana Grama Panchayat as on 31-03-2025

Date: 18/09/2025

Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Panmana Grama Panchayat for the Year 2024-2025.

1.Major Observations

Nil.

2.Other Observations

1. Key ratios is not included in Annual Financial statement.
2.The expenditure shown in Appropriation Control Register did not match with that shown in Annual Financial Statement and Sulekha Statement in respect of Maintenance Fund (R,NR) and CFC Grant
3.The closing balance of CFC Grant in the B4-Schedule is not in agreement with corresponding B17 schedule.
4. The Life loan closing balance shows a negative figure.
5. Lapses in making timely and accurate demand entries in respect of tax and non tax revenue.
6.The following registers are not reliable and value based.
stock register, asset register
7. An amount of Rs-280000/- deposited in the keltron is not shown in the B 18 -schedule.
8. Amount of Rs 350000/- (own fund) spent for PMAY Project and Rs.1360000/- (urban agglomoration fund) expended for pro No205/25 is not included in the sulekha statement.
9. Journal voucher regarding prior period journal entries were not produced
10. One installment of CFC-Grant interest is credited in the Tied grant

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്